# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെള്ളാവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി5-2002/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 22/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളാവൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി5-2002/2023 തീയ്യതി: 22/12/2023

## കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 04-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി. ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 25-11-2023 | 04-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-11-2023 | 04-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ലേഖ വി., ഓഡിറ്റ് ഓഫീസർ

ശ്രീമതി ഡാനിമോൾ കെ. ജെ., ഓഡിറ്റ് ഓഫീസർ (27-11-2023 വരെ)

ശ്രീമതി അമ്പിളി എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീജിത്ത് റ്റി. എസ്. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ഷീബാമോൾ കെ. എം. | സെക്രട്ടറി | 01-04-2022 | 19-09-2022 |
| മാലിനി വി. കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-09-2022 | 01-10-2022 |
| ഷീബാമോൾ കെ. എം. | സെക്രട്ടറി | 02-10-2022 | 15-11-2022 |
| വിനോദ്കുമാർ വി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-11-2022 | 04-12-2022 |
| ഷീബാമോൾ കെ. എം. | സെക്രട്ടറി | 05-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാറ്റ്മ എം. സി. | കൃഷി ഓഫീസർ | 01-04-2022 | 21-07-2022 |
| യമുന ജോസ് | കൃഷി ഓഫീസർ | 22-07-2022 | 28-09-2022 |
| അനിൽ സെബാസ്റ്റ്യൻ | കൃഷി ഓഫീസർ | 29-09-2022 | 31-03-2023 |
| ഡോ. പ്രേമ സ്റ്റെല്ല ഭായ് | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. അരുൺ കൃഷ്ണ ബി. | മെഡിക്കൽ ഓഫീസർ(PHC) | 01-04-2022 | 31-03-2023 |
| ഡോ. ദേവികാറാണി കെ. ആർ. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| അമൃത ആർ. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(വെള്ളാവൂർ) | 01-04-2022 | 31-03-2023 |
| അഖിലശ്രീ പി. എസ്. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(താഴത്തുവടകര) | 06-09-2022 | 31-03-2023 |
| സിന്ധു പി. ജി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 28-12-2022 |
| പാർവതി വി. ജി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 29-12-2022 | 31-03-2023 |
| സുജ വി. ജി. | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| രെഞ്ചു എസ്. ഫ്രാൻസിസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 19-07-2022 |
| നീതു ജി. | അസിസ്റ്റന്റ് എഞ്ചിനീയർ | 25-07-2022 | 22-09-2022 |
| ഷാനവാസ് ഇ. | അസിസ്റ്റന്റ് എഞ്ചിനീയർ | 23-09-2022 | 31-03-2023 |
| ടോണി വർഗ്ഗീസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| മാലിനി വി.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 14-11-2022 |
| വിനോദ്കുമാർ വി. | അസിസ്റ്റന്റ് സെക്രട്ടറി | 15-11-2022 | 31-03-2023 |
| ബ്ലസി ജോഷി | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

01/04/2022 മുതൽ 05/09/2022 വരെ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(താഴത്തുവടകര) തസ്തിക ഒഴിവായിരുന്നു. 20/07/2022 മുതൽ 24/07/2022 വരെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഒഴിവ്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2022-23 | 1-1 |
| 2 | ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-3 |
| 5 | ആസ്തികളുടെ മൂല്യശോഷണം-തൻവർഷം ആകെ ആസ്തികളുടെ മൂല്യത്തിന്റെ പകുതിയോളം മൂല്യശോഷണമാക്കി | 1-1-4 |
| 6 | തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല | 1-1-5 |
| 7 | Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല | 1-1-6 |
| 8 | തൊഴിൽ നികുതി ഡിമാന്റ് കൃത്യമായി നിർണ്ണയിച്ചില്ല-ഡിമാന്റ് എൻട്രിയിൽ അപാകത | 1-1-7 |
| 9 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-8 |
| 10 | കോവിഡ് ചെലവുകൾക്കുള്ള റീഫണ്ട് തുക വരുമാനമാക്കാതെ ബാധ്യതയായി അക്കൗണ്ട് ചെയ്തു | 1-1-9 |
| 11 | അക്രുവൽ വരവുകൾ മുൻകൂറായി ലഭിച്ചതിന്റെ ക്രമീകരണം ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല | 1-1-10 |
| 12 | ലഭിച്ച നിക്ഷേപങ്ങളുടെ മുന്നിരിപ്പ് വിശദാംശങ്ങളെല്ലാം ക്യാരി ഓവർ ചെയ്യുന്നില്ല | 1-1-11 |
| 13 | Advance Register മുന്നിരിപ്പ് വിശദാംശത്തിൽ അവ്യക്തത | 1-1-12 |
| 14 | Prior Period Expenses/Income ന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല | 1-1-13 |
| 15 | National Health Mission-ൽ നിക്ഷേപിച്ച തുക നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല | 1-1-14 |
| 16 | തൊഴിലുറപ്പിന് മുൻകൂർ - കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നില്ല | 1-1-15 |
| 17 | ജനപ്രതിനിധികളുടെ മാർച്ച്-2023 ഹോണറേറിയം പേയബിൾ ആയി ക്രമീകരിച്ചില്ല | 1-1-16 |
| 18 | നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം അക്കൗണ്ട് ചെയ്യുന്നില്ല | 1-1-17 |
| 19 | ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രുവൽ ചെയ്യുന്നില്ല | 1-1-18 |
| 20 | ബസ് സ്റ്റാന്റ് ലേലത്തുകയിൽ 10,000/- രൂപ നിക്ഷേപ ബാധ്യതയിൽ നിന്നും വരുമാനമായി ക്രമീകരിച്ചില്ല | 1-1-19 |
| 21 | കംഫർട്ട് സ്റ്റേഷൻ വരവ് ആക്രി ലേല വരവായി അക്കൗണ്ട് ചെയ്തു | 1-1-20 |
| 22 | ബജറ്റ്-വിശകലനം | 1-2 |
| 23 | സാമ്പത്തിക വിശകലനം | 1-3 |
| 24 | ഗ്രാന്റ് വിനിയോഗം | 1-4 |
| 25 | പദ്ധതി അവലോകനം | 1-5 |
| 26 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 27 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 28 | കാഷ് ബാലൻസിന്റ പരിശോധന | 1-8 |
| 29 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 30 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 31 | ഓൺലൈൻ രസീത് വരവുകൾ - IKM ൽ നിന്നും തുക ലഭ്യമാകുന്നതിൽ കാലതാമസം | 1-11 |
| 32 | 3.5 ലക്ഷം രൂപ വസ്തുനികുതി കുടിശിക നിലനിൽക്കുന്നു | 1-12 |
| 33 | 01/04/2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം | 1-13 |
| 34 | കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല | 1-14 |
| 35 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല – നികുതി വരുമാനം നഷ്ടമായി | 1-15 |
| 36 | ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്ത | 1-16 |

| | | |
|---|---|---|
| | സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | |
| 37 | വാടക നിക്ഷേപത്തിന്റെ വിശദാംശമില്ല-കണക്കുകളിൽ അവ്യക്തത | 1-17 |
| 38 | കെട്ടിട/സ്ഥല വാടക ഡിമാന്റിൽ അപാകതകൾ | 1-18 |
| 39 | വാടക കരാറൊഴിഞ്ഞ കുത്തകക്കാരിയുടെ വാടകയും GST യും മുതൽക്കൂട്ടിയില്ല | 1-19 |
| 40 | ട്രേഡർമാരുടെ ലൈസൻസ് /തൊഴിൽ നികുതി-അടിസ്ഥാന ഡേറ്റ തയ്യാറാക്കിയിട്ടില്ല | 1-20 |
| 41 | മരങ്ങൾ ലേലത്തിൽ വിറ്റുപോകാത്തത് നിഷ്ക്രിയമായി അവശേഷിക്കുന്നു | 1-21 |
| 42 | ആക്രി സാധനങ്ങൾ ലേലം ചെയ്യാൻ അവശേഷിക്കുന്നു | 1-22 |
| 43 | തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് അധിക വിഭവ സമാഹരണം | 1-23 |
| 44 | ഇ - ടെണ്ടർ ഫീസ് ലഭ്യമാകാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-24 |
| 45 | ലൈഫ് ഭവനപദ്ധതി (ജനറൽ) ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-25 |
| 46 | വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-26 |
| 47 | ഹോമിയോ ആശുപത്രി കെട്ടിടനിർമ്മാണം- വിനിയോഗവിവരങ്ങളില്ല | 1-27 |
| 48 | സമ്പൂർണ്ണ പോഷകാഹാര പരിപാടി – അമൃതം ന്യൂട്രിമിക്സിന്റെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ് | 1-28 |
| 49 | നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകകളുടെ വിനിയോഗവിവരം ലഭ്യമല്ല | 1-29 |
| 50 | ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-30 |
| 51 | കാലി ബാരൽവില സർക്കാറിലേയ്ക്ക് അടവാക്കേണ്ടതാണണ് | 1-31 |
| 52 | വിവിധ നീർതടങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപരിപാലനം,നേഴ്സറി നിർമ്മാണം-സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ് | 1-32 |
| 53 | തൊഴിലുറപ്പ് പദ്ധതി മുൻകൂർ തുക 16.8 ലക്ഷം രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു | 1-33 |
| 54 | തൊഴിലുറപ്പ് പ്രവൃത്തിയുടെ ചെലവ് തിരിച്ചടച്ചത് കേന്ദ്ര തൊഴിലുറപ്പ് ഫണ്ടിലേക്ക് അടവാക്കിയില്ല | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2022-23

1. വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 22/07/2023 തീയതിയിലെ 2(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 24/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

### 1-1-1 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ(OBRP Data) സൂക്ഷിച്ചിട്ടില്ല.

### 1-1-2 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

### 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

### 1-1-4 ആസ്തികളുടെ മൂല്യശോഷണം-തൻവർഷം ആകെ ആസ്തികളുടെ മൂല്യത്തിന്റെ പകുതിയോളം മൂല്യശോഷണമാക്കി

31/03/2023 ലെ ബാലൻസ് ഷീറ്റ് B-11, B-11(b)(c)(d)(e) ഷെഡ്യൂളുകൾ പ്രകാരം 5 കോടി രൂപയാണ് പഞ്ചായത്തിന്റെ സുസ്ഥിര ആസ്തിമൂല്യമായി അക്കൗണ്ട് ചെയ്തിരിക്കുന്നത്. പ്രസ്തുത ആസ്തികൾക്ക് 2022-23 വർഷം മാത്രം 2.34 കോടി രൂപയുടെ മൂല്യശോഷണം നൽകിയിരിക്കുന്നു(I-17(A) ഷെഡ്യൂൾ). ആകെ സുസ്ഥിര ആസ്തിയുടെ പകുതിയോളം മൂല്യം തൻവർഷം മൂല്യശോഷണമാക്കിയതിനാൽ സഞ്ചിത മൂല്യശോഷണം 31/03/2023 ൽ 3.6 കോടിയോളം എത്തിയിരിക്കുന്നു. തൻവവർഷ മൂല്യശോഷണം 2.34 കോടി രൂപ അക്കൗണ്ട് ചെയ്തതിനാൽ പഞ്ചായത്തിന്റെ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ 1.85 കോടി രൂപ പ്രവർത്തന നഷ്ടവും സൂചിപ്പിക്കുന്നു. തൻവർഷ മൂല്യശോഷണത്തിന്റെയും 31/03/2023-ലെ സഞ്ചിത മൂല്യശോഷണത്തിന്റെയും ആധികാരികത വ്യക്തമല്ല.

### 1-1-5 തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല

2022-23 വർഷം ആസ്തികൾ സൃഷ്ടിക്കുന്ന പ്രോജക്ട് ചെലവ് എല്ലാം സുസ്ഥിര ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടോ എന്ന് വ്യക്തമാക്കുന്ന ആധികാരികമായ ഓരോ ഫണ്ടുകളുടെയും /ഗ്രാന്റുകളുടെയും ക്യാപ്പിറ്റൽ-റവന്യൂ വേർതിരിച്ച് ചെലവ് വിവരം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം 31/03/2023 ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടോ എന്നതിന് വ്യക്തതയില്ല.

### 1-1-6 Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല

Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. തൻവർഷ പാർട്ട് ബില്ലുകൾ എല്ലാം Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെട്ടോ എന്നും ഫൈനൽ ബിൽ നൽകുമ്പോൾ മുൻപ് നൽകിയ പാർട്ട് ബില്ലുകൾ ക്രമീകരിക്കപ്പെട്ടോ എന്നും വ്യക്തതയില്ല.

### 1-1-7 തൊഴിൽ നികുതി ഡിമാന്റ് കൃത്യമായി നിർണ്ണയിച്ചില്ല-ഡിമാന്റ് എൻട്രിയിൽ അപാകത

അക്രുവൽ വരവായ തൊഴിൽ നികുതി(സ്ഥാപനം/ട്രേഡർ/പ്രോഫഷണൽ) ഡിമാന്റ് നിർണ്ണയിച്ച് ബന്ധപ്പെട്ട രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൃത്യമായ ഡിമാന്റ് ഡേറ്റാബേസ്

ഇല്ലാതെയാണ് പ്രസ്തുത ഡിമാന്റുകൾ അക്കൗണ്ട് ചെയ്തത്. ഡി.സി.ബി. പത്രിക പ്രകാരം 33,100/- രൂപ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റുള്ള സ്ഥാനത്ത് 47,330/- എന്നാണ് ഡിമാന്റ് എൻട്രി അക്കൗണ്ട് ചെയ്തത്. ഡേറ്റാബേസ്/രജിസ്റ്റർ പ്രകാരം ലിസ്റ്റ് ചെയ്യാത്ത പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി ഡിമാന്റ് ആയി 90,330/- രൂപ എന്ന് ഡിമാന്റ് എൻട്രി ചെയ്തു. ട്രേഡർ, സ്ഥാപനം,പ്രൊഫഷണൽ ശീർഷകങ്ങളിൽ ക്രമരഹിതമായും ആധികാരിക ഡേറ്റ ഇല്ലാതെയും നികുതി ഡിമാന്റും ഒടുക്കും അക്കൗണ്ട് ചെയ്തിരിക്കുന്നു.

**1-1-8 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. Government/Other ഡ്യൂസ് രജിസ്റ്റർ രജിസ്റ്റർ സൂക്ഷിച്ച് വിവിധ ഏജൻസികളിലേക്കുള്ള തുക ഒടുക്കലുകൾ കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

**1-1-9 കോവിഡ് ചെലവുകൾക്കുള്ള റീഫണ്ട് തുക വരുമാനമാക്കാതെ ബാധ്യതയായി അക്കൗണ്ട് ചെയ്തു**

കോവിഡ് കാലയളവിലെ ചെലവുകൾ റീഫണ്ടായി ലഭിച്ച വരുമാനം 836,150/- രൂപ ബാധ്യതയായി അക്കൗണ്ട് ചെയ്തു(350400199). ടി വരവ് പഞ്ചായത്തിന്റെ വരുമാനമായി ക്രമീകരിക്കേണ്ടതായിരുന്നു.

**1-1-10 അക്രൂവൽ വരവുകൾ മുൻകൂറായി ലഭിച്ചതിന്റെ ക്രമീകരണം ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല**

അക്രൂവൽ വരവുകൾ (തൊഴിൽ നികുതി, ലൈസൻസ്) 2022-23 വർഷത്തേക്ക് മുൻകൂറായി ലഭിച്ചിരുന്നത് തൻവർഷം ക്രമീകരിച്ചത് ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററുകളിൽ പോസ്റ്റ് ചെയ്ത് കൃത്യത വ്യക്തമാക്കിയിട്ടില്ല. മുൻകൂർ വരുമാനം ലഭിച്ചതിന്റെ ക്രമീകരണം ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തേണ്ടതായിരുന്നു.

**1-1-11 ലഭിച്ച നിക്ഷേപങ്ങളുടെ മുന്നിരിപ്പ് വിശദാംശങ്ങളെല്ലാം ക്യാരി ഓവർ ചെയ്യുന്നില്ല**

പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച നിക്ഷേപങ്ങളുടെ മുന്നിരിപ്പ് വിശദാംശങ്ങൾ (പ്രോജക്ട് / പൂർത്തീകരണം) എല്ലാം Deposit Register ൽ ചേർക്കുന്നില്ല. മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ തുകയുടെ റീഫണ്ട്, മുതൽക്കുട്ടൽ എന്നീ നടപടികൾ ചെയ്യുന്ന സാഹചര്യത്തിൽ അവ്യക്തതയുണ്ടാകുന്നു.

**1-1-12 Advance Register മുന്നിരിപ്പ് വിശദാംശത്തിൽ അവ്യക്തത**

വാർഷിക കണക്കുകളിൽ വിവിധ ഏജൻസികളിലെ നിക്ഷേപത്തിന്റെ വിവരവും മുൻകൂർ വിവരവും വ്യക്തമാക്കേണ്ട അടിസ്ഥാന രജിസ്റ്ററായ Advance Register-ൽ മുന്നിരിപ്പ് വിശദാംശം എല്ലാം ക്യാരി ഓവർ ചെയ്തിട്ടില്ല. ഡെപോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകൾ ഫണ്ടിനം, വാർഡ്, പ്രോജക്ട് വിശദാംശം എന്നിവയെല്ലാം മുന്നിരിപ്പിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി Advance Register സൂക്ഷിക്കേണ്ടതായിരുന്നു.

**1-1-13 Prior Period Expenses/Income ന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല**

മുൻവർഷ ചെലവായി ക്രമീകരിക്കപ്പെട്ട 177,649/- രൂപയുടെയുടെയും മുൻവർഷ വരവായി ക്രമീകരിച്ച 18,952/- രൂപയുടെയും ആധികാരികത സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. ക്രമീകരണ ഇടപാടുകൾ കൃത്യമായ Narraton രേഖപ്പെടുത്താതെയാണ് നടത്തിയിട്ടുള്ളത്.

**1-1-14 National Health Mission-ൽ നിക്ഷേപിച്ച തുക നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല**

National Health Mission-ൽ നിക്ഷേപ പ്രവൃത്തിക്കായി പ്രാജക്ട് നം.123/23 പ്രകാരം നൽകിയ 1,515,120/- രൂപയുടെ ചെലവ് മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. മുൻകൂർ തുക Advance To NHM ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു. അക്കൗണ്ടിങ്ങ് അപാകത മൂലം ടി മുൻകൂർ തുക 31/03/2023 ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

**1-1-15 തൊഴിലുറപ്പിന് മുൻകൂർ - കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നില്ല**

തൊഴിലുറപ്പിന് മുൻകൂർ നൽകുന്നത് 460500801-Advance To Mahatma Gandhi NREGA/AUGES Administrative Expense ശീർഷകത്തിൽ ചെലവായി അക്കൗണ്ട് ചെയ്യുന്നില്ല. കൃത്യമായ Deposit Register സൂക്ഷിക്കാതിരുന്നതിനാലും മുൻകൂർ കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യാതിരുന്നതിനാലും ധനകാര്യ പത്രികയിൽ തൊഴിലുറപ്പിനുള്ള മുൻകൂർ എത്രയെന്ന് വ്യക്തമല്ല. തൊഴിലുറപ്പിന് മുൻകൂർ കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതും തുകയുടെ കൃത്യത ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

**1-1-16 ജനപ്രതിനിധികളുടെ മാർച്ച്-2023 ഹോണറേറിയം പേയബിൾ ആയി ക്രമീകരിച്ചില്ല**

ജനപ്രതിനിധികളുടെ മാർച്ച്-2023 ലെ ഹോണറേറിയവും അലവൻസും തൻവർഷം Payable ആയി അക്കൗണ്ട് ചെയ്തില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-27 പ്രകാരം സാമ്പത്തിക വർഷ കാലയളവിലെ ചെലവുകൾ എല്ലാം വർഷാവസാനം അക്രൂവൽ എൻട്രിയിലൂടെ Payable ആയി ക്രമീകരിക്കേണ്ടതായിരുന്നു.

**1-1-17 നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം അക്കൗണ്ട് ചെയ്യുന്നില്ല**

ഗുണഭോക്താവ് പ്രോജക്ടുകൾക്ക് നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം ചെലവ് അക്കൗണ്ട് ചെയ്യുന്നില്ല (ഉദാഹരണം-ഫിഷറീസ് പ്രോജക്ട് നം.197/23-36,000/- രൂപ ഗുണഭോക്താവ് നേരിട്ട് ചെലവഴിച്ചത്). നേരിട്ടുള്ള ഗുണഭോക്തൃ വിഹിതം വരവ്/ചെലവ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ ഉൾപ്പെടേണ്ടതായിരുന്നു.

**1-1-18 ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രൂവൽ ചെയ്യുന്നില്ല**

ILGMS സോഫ്റ്റ്‌വെയർ ആരംഭിച്ചതിനു ശേഷം പഞ്ചായത്ത് ഫണ്ടിൽ നിന്ന് നേരിട്ട് നടത്തുന്ന ചെലവുകൾ(ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പിൻവലിക്കലുകൾ) അക്രൂവൽ ആയിട്ടാണ് അക്കൗണ്ട് ചെയ്യുന്നത്. 2022-23 വർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം 350109999-Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രൂവലായി അക്കൗണ്ട് ചെയ്ത ശേഷമാണ് ചെലവ് ചെയ്തിരിക്കുന്നത്. തൻവർഷം 1.65 കോടിയോളം രൂപ ടി ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്യുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ഇനം തിരിച്ച് തന്നെ ബാധ്യത ശീർഷകങ്ങൾ ലഭ്യമായിരുന്നിട്ടും മേൽപറഞ്ഞ ഒരു ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്.

| ശീർഷകം | കണക്ക് ശീർഷകത്തിന്റെ പേര് |
|---|---|
| 350100101 | Amount Payable To Suppliers |
| 350100201 | Amount Payable To Contractors |
| 350100301 | Amount Payable To Conveners |
| 350100401 | Amount Payable To Professionals |
| 350100501 | Amount Payable To Elected Representatives |
| 350100901 | Amount Payable To KSEB |
| 350100902 | Amount Payable To Telephone Charge |
| 350100903 | Amount Payable To KWA |

ഉദാഹരണമായി പഞ്ചായത്ത് ഭരണസമിതി മെമ്പർമാർക്കുള്ള ഓണറേറിയം 350100501 ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്യേണ്ടതായിരുന്നു. വൈദ്യുതി ചാർജ് 350100901 ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്താായിരുന്നു ചെലവഴിക്കേണ്ടത്. ചെലവുകൾ അക്രൂവൽ ചെയ്യുന്നതിലെ അപാകത 2023-24 വർഷം പരിഹരിക്കേണ്ടതാണ്. ഈ വിഷയത്തിൽ IKM-ന്റെ സഹായത്തോടെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-1-19 ബസ് സ്റ്റാന്റ് ലേലത്തുകയിൽ 10,000/- രൂപ നിക്ഷേപ ബാധ്യതയിൽ നിന്നും വരുമാനമായി**

ക്രമീകരിച്ചില്ല

പഞ്ചായത്തിന്റെ മണിമല ബസ് സ്റ്റാന്റ് ഫീസ് പിരിക്കാനുള്ള അവകാശം 2022-23 വർഷത്തേക്ക് 39,000/- രൂപയ്ക്ക് ലേലം കൊണ്ട കല വിനോദ് എന്ന വ്യക്തി ഒടുക്കിയ 29,000/- രൂപ മാത്രമാണ് 140500112-Bus Stand Recepts ശീർഷകത്തിൽ വരുമാനമായി അക്രുവൽ ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയത്. ടിയാൾ ലേല സമയത്ത് 16/05/2022 ലെ 1220100360 നം. രസീത് പ്രകാരം ഒടുക്കിയ 340100103-Bidder's Earnest Money Deposit ശീർഷകത്തിലുള്ള 10,000/- രൂപ ലേല നിക്ഷേപ തുക ബസ് സ്റ്റാന്റ് വരവായി ക്രമീകരിച്ചിട്ടില്ല. 2022-23 വർഷത്തെ ബസ് സ്റ്റാന്റ് വരവായിരുന്ന 340100103 ബാധ്യത ശീർഷകത്തിലെ 10,000/- രൂപ 2023-24 വർഷം Prior Period ലേല വരുമാനമായി ക്രമീകരിച്ച് വിശദാംശം ഓഡിറ്റിനെ പ്രഥമ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-1-20 കംഫർട്ട് സ്റ്റേഷൻ വരവ് ആക്രി ലേല വരവായി അക്കൗണ്ട് ചെയ്തു

പഞ്ചായത്ത് കംഫർട്ട് സ്റ്റേഷൻ ലേല വരവ് 28/02/2023 ലെ 1220300775 നം. രസീത് പ്രകാരം 5,100/- രൂപ ആക്രി വിറ്റ വകയിലുള്ള വരുമാനമായി അക്കൗണ്ട് ചെയ്തു. ലേലത്തുക Public Comfort Station Receipt ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു. 7,700/- രൂപയ്ക്ക് കലാ വിനോദ് എന്ന വ്യക്തി ലേലം കൊണ്ടതിന്റെ രണ്ടും മൂന്നും ഗഡുക്കളാണ് 5,100/- രൂപ ലേലത്തുകയും 918/- രൂപ GST യും ഒടുക്കിയത്. ഒന്നാം ഗഡുവായുള്ള 2,600/- രൂപയും 468/- രൂപ GST യും ചേർന്ന തുക ലേലം കൊണ്ടയാളുടെ നിക്ഷേപമായുള്ളത് വരുമാനമായി ക്രമീകരിച്ചില്ല. ആയത് ക്രമീകരിച്ച് വിശദാംശം മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-2 ബജറ്റ്-വിശകലനം

2022-23 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 18/03/2022 ലെ 1(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 20/03/2023 ലെ 3/3-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 835,684/- | 20,441,804/- |
| വരവ് | 121,619,000/- | 139,289,500/- |
| ആകെ | 122,454,684/- | 159,731,304/- |
| ചെലവ് | 121,580,000/- | 147,532,500/- |
| നീക്കിയിരിപ്പ് | 874,684/- | 12,198,804/- |

പുതുക്കിയ ബജറ്റ് പ്രകാരം 13.93 കോടി രൂപ വരവും 14.75 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 11.6 കോടി രൂപയും ചെലവ് 13.47 കോടി രൂപയുമാണുള്ളത്.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുന്നത് മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിലുള്ള വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇപ്രകാരമുള്ള ഉപ-ശീർഷകങ്ങളായി(Sub-Head) അലോട്ട്മെന്റുകൾ കൂടി കണക്കാക്കി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീറ്റ് & പേമെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രികകൾ പ്രകാരമുള്ള വരവ് ചെലവുകളും വരവ്/ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

**റസീറ്റ് & പേമെന്റ് പത്രിക പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് (01/04/2022) | 6,908,990/- |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 28,064,305/- |
| ആകെ | 34,973,295/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 28,203,052/- |
| നീക്കിയിരിപ്പ് (31/03/2023) | 6,770,243/- |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 116,318,247/- |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 134,725,397/- |
| പ്രവർത്തന നഷ്ടം (Gross Deficit) | 18,407,150/- |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 158,697/- |
| അറ്റ പ്രവർത്തന നഷ്ടം (Net Deficit) | 18,565,847/- |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1793960/- |

**1-4 ഗ്രാന്റ് വിനിയോഗം**

വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് പട്ടികയിൽ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18,042,000/- | 18,042,000/- | 16,385,775/- | 1,656,225/- | 90.82 |
| വികസന ഫണ്ട്-SCSP | 0 | 6,959,000/- | 6,959,000/- | 6,845,347/- | 113,653/- | 98.37 |
| വികസന ഫണ്ട്-TSP | 0 | 192,000/- | 192,000/- | 192,000/- | 0 | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 33,407/- | 2,378,476/- | 2,411,883/- | 1,679,713/- | 732,170/- | 69.64 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 1,338,905/- | 3,335,986/- | 4,674,891/- | 3,036,659/- | 1,638,232/- | 64.96 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 11,460,000/- | 11,460,000/- | 7,776,030/- | 3,683,970/- | 67.85 |
| മെയിന്റനൻസ് | 0 | 4,570,000/- | 4,570,000/- | 4,185,441/- | 384,559/- | 91.59 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ്-Non Road | | | | | | |
| ICDS ഫണ്ട് | 5,536/- | 776,713/- | 782,249/- | 205,929/- | 576,320/- | - |
| സാക്ഷരത ഫണ്ട് | 13,144/- | 364/- | 13,508/- | 0 | 13,508/- | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 180,726/- | 0 | 180,726/- | 0 | 180,726/- | - |
| കേരളോത്സവം | 0 | 50,000/- | 50,000/- | 0 | 50,000/- | - |
| മികച്ച പഞ്ചായത്ത് അവാർഡ് | 200,000/- | 0 | 200,000/- | 0 | 200,000/- | - |
| Health Grant-1 | 0 | 239,574/- | 239,574/- | 0 | 239,574/- | - |
| Health Grant-2 | 0 | 111,543/- | 111,543/- | 0 | 111,543/- | - |
| സ്വച്ഛ് ഭാരത് ഗ്രാന്റ് | 0 | 907,454/- | 907,454/- | 907,454/- | 0 | - |
| ST Corpus Fund | 1,000,000/- | 0 | 1,000,000/- | 857,897/- | 142,103/- | - |
| Total Sanitation | 7,650/- | 0 | 7,650/- | 0 | 7,650/- | - |
| ഉണഭോക്തൃ വിഹിതം | 18,014/- | 2,290,800/- | 2,308,814/- | 2,245,100/- | 63,714/- | - |
| Capital Fund | 51,000/- | 0 | 51,000/- | 0 | 51,000/- | - |

വികസന ഫണ്ടിൽ നിന്ന് KURDFC വായ്പ തിരിച്ചടവിനും അംഗൻവാടി ഹോണറേറിയത്തിനും സ്രോതസ്സിൽ കുറവ് ചെയ്തതിന്റെയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 23/06/2022 ലെ G.O.(Rt) No.4585/2022/Fin പ്രകാരം ട്രഷറിയിൽ ലഭിച്ച അധിക അലോട്ട്മെന്റിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|---|
| വികസന ഫണ്ട്-General | 18,042,000/- | ഇല്ല | 18,042,000/- | 231/23-277,400/-<br>232/23-277,400/-<br>246/23-277,400/-<br>234/23-289,032/-<br>247/23-289,031/-<br>ആകെ-1,410,263/- | 16,631,737/- |
| വികസന ഫണ്ട്-SCSP | 6,959,000/- | ഇല്ല | 6,959,000/- | 223/23-194,057/-<br>248/23-194,057/-<br>ആകെ-388,114/- | 6,570,886/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Untied | 2,036,000/- | 245,096/-<br>പലിശ-97,380/- | 2,378,476/- | ഇല്ല | 2,378,476/- |

| | | | | | |
|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied | 3,054,000/- | 281,986/- | 3,335,986/- | ഇല്ല | 3,335,986/- |

ആകെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ചെലവഴിക്കാതെയുള്ള തുക 2,370,402/- രൂപയിൽ 2,098,859/- രൂപ 31/03/2023 ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു. ക്യാരി ഓവർ വിഹിതം ട്രഷറി അലോട്ട്മെന്റായി ലഭിച്ച 527,082/- രൂപയിൽ (Untied-245,096/-, Tied-281,986/-) ചെലവഴിക്കാത്ത 271,543/- രൂപയാണ് (Untied-34,757/-, Tied-236,786/-) പഞ്ചായത്തിന് ലാപ്സായത്. വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
2. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ഉൾപ്പെടുന്ന 2022-23 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 97,380/- രൂപ വരവായി ACR, Grant Statement എന്നിവയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ ACR/Grant Statement-ലെ അലോട്ട്മെന്റിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.
3. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വിവിധ ഗ്രാന്റുകളുടെ മുന്നിരിപ്പ് വിശദാംശത്തിൽ വ്യക്തതയില്ല. രേഖകളുടെ അഭാവത്തിൽ ഗുണഭോക്തൃ വിഹിതമിനത്തിൽ 18,014/- രൂപ മുന്നിരിപ്പിന്റെ വിശദാംശം ലഭ്യമല്ല. Capital Fund ഏതിനമാണെന്നും വ്യക്തമല്ല.
4. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് 30/09/2020 ലെ ഉത്തരവ് നം.സി.5442/20 പ്രകാരം ലഭിച്ച ST കോർപ്പസ് ഫണ്ട് 10 ലക്ഷം രൂപയിൽ 857,897/- രൂപ പ്രോജക്ട് നം.39/23 പ്രകാരം ചെലവഴിച്ചത് തനത് ഫണ്ട് ചെലവായിട്ടാണ് ചെലവ് പത്രികയിൽ പ്രതിഫലിക്കുന്നത്. സംസ്ഥാനാവിഷ്കൃത ഫണ്ടിനത്തിൽ ഉൾപ്പെടേണ്ടതായിരുന്നു.
5. കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവായി പ്രോജക്ട് നം.50/23, 7/23, 26/23 പ്രകാരം 985,455/- രൂപയാണ് ചെലവഴിച്ചത്. എന്നാൽ ഈയിനത്തിൽ സ്വച്ഛ ഭാരത് ഫണ്ടിന്റെ 907,454/- രൂപ മാത്രമാണ് ധനകാര്യ പത്രികയിൽ ഗ്രാന്റ് ബാധ്യത കുറവ് ചെയ്തിട്ടുള്ളത്. വാർഷിക പദ്ധതിയിലെ ചെലവിന്റെ ആനുപാതികമായി പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിന്റെ 78,001/- രൂപയുടെ ഗ്രാന്റ് ബാധ്യത കുറവുചെയ്തിട്ടില്ല.
6. 31/03/2023 ബാലൻസ് ഷീറ്റ് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പും ബാങ്ക് അക്കൗണ്ടിലെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പും തമ്മിൽ 15,583/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നതിന് ആധികാരികമായ വിശദീകരണം ലഭ്യമായില്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ്/ക്രമീകരണങ്ങളിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

2022-23 വാർഷികപദ്ധതിയ്ക്ക് 6.3.23ലെ 82898/22/ഡി.പി.സി/ഡി.പി.ഒ/കോട്ടയം ഉത്തരവ് പ്രകാരം അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്. വെള്ളാവൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1.3.2023 ലെ 1(1) നമ്പർ തീരുമാനപ്രകാരം പദ്ധതിയ്ക്ക് അന്തിമ അംഗീകാരം നൽകിയിരുന്നു.പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വാർഷിക പദ്ധതി രൂപീകരണം | 24.5.22-31.5.22 |
| ഗുണഭോക്തൃതെരഞ്ഞെടുപ്പ് | 3.8.22-6.8.22 |
| വികസന സെമിനാർ | 15.6.22 |
| ഭിന്നശേഷി ഗ്രാമസഭ | 19.5.22 |

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് | 17.5.22 |
| പ്രൊക്യൂർമെന്റ് കമ്മിറ്റിയോഗം | 25.7.22,10.8.22,4.11.22,<br>20.12.22,23.1.23 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കാത്ത പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 181 | 86180769 | 139 | 48994240 | 42 | 76 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യേഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 9 | 703336 | 543048 | 77.2 |
| വെറ്ററിനറി സർജൻ | 10 | 10 | 7471895 | 5172085 | 69.2 |
| മെഡിക്കൽഓഫീസർ(പി.എച്ച്.സി) | 8 | 10 | 2237742 | 1759539 | 78.6 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 474161 | 474161 | 100 |
| വി.ഇ.ഓ1 | 5 | 5 | 10609205 | 4067500 | 38.33 |
| ഐ.സി.ഡി.എസ് | 6 | 6 | 4831000 | 3264037 | 67.56 |
| സെക്രട്ടറി | 33 | 52 | 10304305 | 8043118 | 78 |
| ഹെഡ് മാസ്റ്റർ | 5 | 6 | 401000 | 362880 | 90.49 |
| വി.ഇ.ഓ2 | 13 | 14 | 22151175 | 9920663 | 44.78 |
| അസി.എഞ്ചിനീയർ | 36 | 53 | 22101642 | 11269196 | 50.9 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 2265497 | 1631093 | 71.99 |
| അസി.സെക്രട്ടറി | 12 | 12 | 2549811 | 2462920 | 96.59 |
| ഫിഷറീസ് | 1 | 1 | 80000 | 24000 | 30 |
| ആകെ | 139 | 181 | 86180769 | 48994240 | 56.85 |

2022-23 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിയത് 13 നിർവ്വഹണോദ്യോഗസ്ഥരായിരുന്നു. ആകെ പദ്ധതി അടങ്കലായി നിശ്ചയിച്ച തുകയുടെ 56.85% തുകയാണ് ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുള്ളത്. തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ച സർക്കാർ ഗ്രാന്റുകളുടെ വിനിയോഗത്തിൽ ഗ്രാമപഞ്ചായത്തിന് അഭിമാനാർഹമായ നേട്ടം കൈവരിച്ചിട്ടുണ്ട്. വികസനഫണ്ട്(ടി.എസ്.പി)100%തുക ചെലവഴിയ്ക്കാൻ സാധിച്ചു. വികസനഫണ്ട് (ജനറൽ)88.22%, എസ്.സി.പി 93.17%, ധനകാര്യകമ്മീഷൻ(ടൈഡ്), അൺടൈഡ് എന്നിവ യഥാക്രമം 64.96%, 69.64% ചെലവഴിയ്ക്കാൻ സാധിച്ചു. മെയിന്റനൻസ് ഗ്രാന്റ്(റോഡ്), നോൺ റോഡ് വിഭാഗങ്ങളിൽ നിന്നും 65.97%, 88.42% തുക ചെലവഴിക്കാൻ സാധിച്ചു. സംസ്ഥാനാവിഷ്കൃത ഫണ്ട്, ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളുടെ വകയിരുത്തൽ കൂടുതലായതിനാലും, ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന തുക വളരെ കുറവായതിനാലും ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതം ചെലവ് വളരെ കുറവാകുന്നു. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ലഭിക്കാനുള്ള ഫണ്ടിനങ്ങൾ യുക്തിസഹമായി ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

6109950/- **<u>രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു</u>**

2022-23 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ

പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ലാപ്സായ തുക |
|---|---|
| വികസനഫണ്ട്(ജനറൽ) | 1656225 |
| വികസനഫണ്ട്(എസ്.സി.പി) | 113653 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 3683970 |
| മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) | **384559** |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്+അൺടൈഡ്) | **271543** |
| ആകെ | 6109950 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 61 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 132 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 438 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 215 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 115 പ്രവൃത്തികൾ പൂർത്തീയാക്കി. 72511 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 397 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 143 അയൽക്കൂട്ടങ്ങളും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 1151 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികളും തൊഴുത്ത് നിർമ്മാണം, സോക്ക് പിറ്റ് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, ഭവന നിർമ്മാണം തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാഷ് ബുക്ക് പ്രകാരമുള്ള 2022-23വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. കാഷ് ബുക്ക് രേഖപ്പെടുത്തൽ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| വരവ് | | ചെലവ് | |
|---|---|---|---|
| **മുന്നിരിപ്പ് (01/04/2022)** | **7404** | Skilled Labour(DBT) | 1498794 |
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 162080 | Unskilled Labour(DBT) | 22306510 |
| പലിശ വരവ് | 3066 | Material(DBT) | 3644646 |
| **ആകെ നേരിട്ടുള്ള വരവ്** | **165146** | **ആകെ DBT ചെലവ്** | **27449950** |
| Skilled Labour | 1498794 | ശമ്പളം | 1011231 |
| Unskilled Labour | 22306510 | പ്രിന്റിങ്ങ് & സ്റ്റേഷനറി | 1455 |
| Material | 3644646 | മറ്റ് ചെലവുകൾ | 51785 |
| **ആകെ DBT വരവ്** | **27449950** | **ആകെ നേരിട്ടുള്ള ചെലവ്** | **1064471** |
| പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് മുൻകൂർ | 1057541 | തനത് ഫണ്ടിലേക്ക് മുൻകൂർ തിരിച്ചടവ് | 0 |

| | | | |
|---|---|---|---|
| | | നീക്കിയിരിപ്പ്(31/03/2023) | 165620 |
| ആകെ | 28680041 | ആകെ | 28680041 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2022-23 വർഷം വെള്ളാവൂർ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7,440/- | 10 |
| വാർദ്ധക്യകാലപെൻഷൻ | 20,303,100/- | 1820 |
| കർഷകതൊഴിലാളി പെൻഷൻ | 900,200/- | 106 |
| വിധവാപെൻഷൻ | 6,635,200/- | 602 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 227,200/- | 23 |
| വികലാംഗപെൻഷൻ | 2,419,800/- | 228 |
| വിവാഹ ധനസഹായം | 90,000/- | 3 |

## 1-8 കാഷ് ബാലൻസിന്റെ പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2022-23 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി വെള്ളാവൂർ ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റ്, ഫ്രണ്ട് ഓഫീസ് ക്യാഷ്യർ എന്നീ ജീവനക്കാരുടെ സാന്നിധ്യത്തിൽ 25/11/2023 തീയതിയിൽ 03:00 PM സമയത്ത് നടത്തുകയുണ്ടായി. ഭൗതിക പരിശോധനയിൽ 9,361/- രൂപ ക്യാഷ് ബാലൻസാണ് ഉണ്ടായിരുന്നത്. ടി തുക 24/11/2023 ലെ കൗണ്ടർ കളക്ഷൻ 8,096/- രൂപയും 25/11/2023 3:00 PM വരെയുള്ള കൗണ്ടർ കളക്ഷൻ 1,265/- രൂപയും ഉൾപ്പടെയാണ്. 25/11/2023നാലാം ശനിയാഴ്ച ബാങ്ക് അവധിയായതിനാൽ 24/11/2023 കളക്ഷൻ ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ചത്. എന്നാൽ ക്യാഷ് ബുക്ക് പ്രാകാരം 25/11/2023 3:00 PM ന് 14,898/- രൂപയാണ് ക്യാഷ് ബാലൻസ്. ഭൗതിക പരിശോധനയിൽ കണ്ട ക്യാഷ് ബാലൻസിൽ നിന്നും പഞ്ചായത്തിന്റെ ILGMS ക്യാഷ് ബാലൻസിൽ 5,537/- രൂപയുടെ വ്യത്യാസം കാണുന്നു.
23/11/2023 വരെയുള്ള കളക്ഷൻ ബാങ്കിൽ ഒടുക്കി കോൺട്രാ എൻട്രി പൂർത്തീകരിച്ചതായാണ് പരിശോധനയിൽ വ്യക്തമായത്. മുൻകാലങ്ങളിലെ രസീത്-കോൺട്രാ അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതിനാലാണ് 5,537/- രൂപ കൂടുതലായി ക്യാഷ് നീക്കിയിരിപ്പിൽ കാണുന്നത്. ക്യാഷ് നീക്കിയിരിപ്പിലെ വ്യത്യാസത്തിനാധാരമായ ഇടപാടിന്റെ/ഇടപാടുകളുടെ ആധികാരികത പ്രഥമ മറുപടിയിൽ ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്. Self Cheque മുഖേനയുള്ള ക്യാഷ് പിൻവലിക്കലും വിതരണവും നിരീക്ഷിക്കുന്നതിന് Petty Cash Book എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. ജീവനക്കാർ സ്ഥലം മാറിപോകുന്ന

സന്ദർഭങ്ങളിൽ സെക്ഷനമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യമായി രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കുന്നുണ്ടെന്ന സൂപ്പർവൈസറി ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്. വസ്തു നികുതി 98.59%പിരിച്ചെടുക്കുവാൻ തൻ വർഷം സാധിച്ചിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18/11/2022 | 01/2022 - 03/2022 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02/03/2016- 17/03/2016 | 2010-11 മുതൽ 2014-15 വരെ | LBA(HQ)II/8A-2411/03 തീയതി- 18/04/2016 |

## 1-11 ഓൺലൈൻ രസീത് വരവുകൾ - IKM ൽ നിന്നും തുക ലഭ്യമാകുന്നതിൽ കാലതാമസം

വിവിധ സേവനങ്ങൾക്കും നികതി-നികുതിയേതര വരവുകൾക്കും ഓൺലൈനായി തുക ഒടുക്കുന്നത് പഞ്ചായത്തിന്റെ 67395915613 നം. എസ്.ബി.ഐ അക്കൗണ്ടിലേക്കാണ് ലഭ്യമാകുന്നത്. ഓൺലൈൻ പേമെന്റിനായി IKM സോഫ്റ്റ്‌വെയറിൽ മാപ്പ് ചെയ്തിരിക്കുന്ന ടി അക്കൗണ്ടിലേക്ക് രസീത് ചെയ്ത ശേഷം മാസങ്ങൾക്ക് ശേഷമാണ് തുക അക്കൗണ്ടിൽ ക്രെഡിറ്റാകുന്നത് എന്ന് കാണുന്നു.

ഓൺലൈൻ പേമെന്റ് ബാങ്ക് അക്കൗണ്ടിന്റെ മാർച്ച്-2023 ലെ റീക്കൺസിലേഷൻ പത്രിക പ്രകാരം 21,563/- രൂപ ലഭിക്കാനുള്ളതായി കാണുന്നു. 20,491/- രൂപ വസ്തുനികുതിയും 1,072/- രൂപ മറ്റ് രജിസ്ട്രേഷൻ ഫീസുകളുമാണ്. രജിസ്ട്രേഷൻ ഫീസുകൾ നവംബർ-2022 മാസം മുതലുള്ളവ 31/03/2023 ലും അക്കൗണ്ടിലേക്ക് ലഭിക്കാനുണ്ട്. വസ്തുനികുതി തുക 21/03/2023 വരെയുള്ളത് 31/03/2023-ൽ ലഭ്യമായിട്ടുണ്ട്. ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. പഞ്ചായത്തിന് ഓൺലൈനായി ലഭിക്കുന്ന വരവുകൾ കാലതാമസമില്ലാതെ ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 3.5 ലക്ഷം രൂപ വസ്തുനികുതി കുടിശിക നിലനിൽക്കുന്നു

31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന് 3.53 ലക്ഷം രൂപ ലഭിക്കാനുള്ളതായി കാണുന്നു. കുടിശികയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വസ്തുനികുതി കുടിശിക ഇനം | തുക |
|---|---|
| പാർപ്പിടാവശ്യ കെട്ടിടനികുതി(2022-23) | 25,427/- |
| പാർപ്പിടാവശ്യ കെട്ടിടനികുതി(കുടിശിക) | 18,514/- |
| പാർപ്പിടേതര കെട്ടിടനികുതി(2022-23) | 23,979/- |
| പാർപ്പിടേതര കെട്ടിടനികുതി(കുടിശിക) | 285,902/- |
| ആകെ | 353,822/- |

സർവ്വീസ് സെസ്സ്, ലൈബ്രറി സെസ്സ് ഉൾപ്പെടെ കുടിശിക വസ്തുനികുതി ഈടാക്കാനുള്ള അടിയന്തിര നടപടി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ടതാണ്.

## 1-13 01/04/2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം

22/03/2023 ല സ.ഉ.(കൈ)നം.77/2023/LSGD, 05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിലെ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ

വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ 01/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചു.

വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് വെള്ളാവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി 20/04/2023 ലെ 6(2) നം. തീരുമാന പ്രകാരം നികുതി നിരക്ക് നിർണ്ണയിച്ച് അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരമുള്ള നികുതി നിരക്കുകൾ 29/05/2023 ലെ SC4/2445/2023 നം. കരട് വിജ്ഞാപന പ്രകാരം ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനായി 30 ദിവസ കാലയളവ് നൽകി പ്രസിദ്ധീകരിച്ചു. ആക്ഷേപങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ നികുതി നിരക്കുകൾ അന്തിമമായി നിശ്ചയിച്ച് 23/08/2023 ലെ 5(1) നം. തീരുമാനത്തിൽ അംഗീകരിച്ച് 18/09/2023 ൽ SC4/2445/2023 പ്രകാരം അന്തിമ വിജ്ഞാപനം നടത്തി.

വസ്തുനികുതി ഡേറ്റാബേസിൽ 31/03/2023 വരെ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി ആകെ നികുതിയുടെ 5% വർദ്ധനവായി അപ്ഡേഷൻ ആയിട്ടുണ്ട്. 01/04/2023 മുതലുള്ള നികുതി നിർണ്ണയം പരിഷ്കരിച്ച സ്ലാബുകൾ പ്രകാരമാണ് നടത്തേണ്ടത്. 2023-24 വർഷത്തെ നികുതി ഡിമാന്റ് ജനറേറ്റ് ചെയ്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല

വെള്ളാവൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കരാറുകാരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2022-23 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ 2022-23 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത 8 കരാറുകാരിൽ 3 പേർ മാത്രമാണ് തൊഴിൽ നികുതി ഒടുക്കിയതായി 2022-23 ഡിമാന്റ് രജിസ്റ്ററിൽ കാണുന്നത്. നികുതി ഒടുക്കാത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി |
|---|---|
| 1. | സുധീപ് കെ. എസ്. |
| 2. | ഷാജി വർഗീസ് |
| 3. | സുരേഷ് കുമാർ റ്റി. എസ്. |
| 4. | ഷാലോ ജോസഫ് |
| 5. | ശ്രീരാം സി. |

കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.1/2022-23/27-11-2023) നൽകിയതിന് കരാറുകാരുടെ 2022-23 തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കുമെന്ന് മറുപടി നൽകി. കരാറുകാരുടെ തൊഴിൽ നികുതി 2022-23 വർഷത്തേത് കുടിശികയായി Prior Period Profession Tax റവന്യൂ ശീർഷകത്തിൽ അടവാക്കി രസീതിന്റെ പകർപ്പ് ഉൾപ്പെടെ പ്രഥമ മറുപടി നൽകേണ്ടതാണ്.

## 1-15 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല - നികുതി വരുമാനം നഷ്ടമായി

വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ആകെ 41 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നതിനുള്ള ഡിമാന്റ് ലിസ്റ്റാണ് (List Of Institutions) നിലവിലുള്ളത്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ, കൺസൾട്ടൻസികൾ തുടങ്ങി ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്

204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 2022-23 ജീവനക്കാരുടെ തൊഴിൽ നികുതി ലിസ്റ്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു(ഗൂഗിൾ മാപ്പിൽ ലിസ്റ്റ് ചെയ്തവ).

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | പ്രവർത്തനം |
|---|---|---|
| 1. | കർദ്ദിനാൾ പടിയറ പബ്ളിക് സ്കൂൾ & ജൂനിയർ കോളേജ് | പൊതു വിദ്യാലയം |
| 2. | അക്ഷയ ഫൈനാൻസിയേഴ്സ്, മണിമല | സ്വർണ്ണപ്പണയം |
| 3. | മറ്റത്തിൽ ഫൈനാൻസിയേഴ്സ്, മണിമല | സ്വർണ്ണപ്പണയം |
| 4. | നെടുംപറമ്പിൽ ക്രഡിറ്റ് സിൻഡിക്കേറ്റ്, മണിമല | Gold Loan, Insurance, Deposits |
| 5. | ഗ്ലോബൽ ഫൈനാൻസിയേഴ്സ്, മണിമല | സ്വർണ്ണപ്പണയം |
| 6. | CSC Digital Seva Kendra, മണിമല | Online Service, AADHAR Enrollment |
| 7. | Joshiz Academy Of English, മണിമല | IELTS,OET,CBT,MOH,HAAD Courses |
| 8. | T.R. Borewells, മൂങ്ങാനി | കുഴൽക്കിണർ നിർമ്മാണം |
| 9. | My Destination Abroad , വെള്ളാവൂർ | Educational Consultant |
| 10. | I-COM Academy & English Language School, മണിമല | English Academy |
| 11. | Designer Homes Constrution Company, മണിമല | Designers & Construction Company |
| 12. | Trinity Children’s Clinic, മണിമല | Clinic |
| 13. | Shriram Transport Finance Service Limited, മണിമല | Finance |
| 14. | White Dental Clinic, മണിമല | ദന്താശുപത്രി |

പഞ്ചായത്ത് ഓഫീസിന് സമീപം തന്നെ മണിമല ടൗണിൽ പ്രവർത്തിക്കുന്നവയാണ് മേൽപറഞ്ഞ സ്ഥാപനങ്ങൾ. ജീവനക്കാരുടെ തൊഴിൽ നികുതി അതാത് വർഷങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ട അക്രുവൽ ചെയ്യാത്ത നികുതി വരുമാനമാണ്. ജീവനക്കാർക്ക് സ്ഥലംമാറ്റം ഉൾപ്പടെയുള്ള സാഹചര്യങ്ങൾ ഉള്ളതിനാൽ അവരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതെയും സമയബന്ധിതമായി പഞ്ചായത്തിൽ ഒടുക്കാതെയും തുടരുന്നത് പഞ്ചായത്ത് ഫണ്ടിന് നികുതി നഷ്ടത്തിന് ഇടയാക്കും. പഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വലിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരുന്നതിനാൽ തനത് വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായി. അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.3/2022-23/27-11-2023) നൽകിയതിന് ലിസ്റ്റ് ചെയ്ത 14 സ്ഥാപനങ്ങളിലെ 2022-23 വർഷം ജോലി ചെയ്ത ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കുമെന്ന് മറുപടി നൽകി.

മേൽ പട്ടികയിലെ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി സ്ഥാപന ലിസ്റ്റ്(List Of Institutions) പരിഷ്ക്കരിക്കേണ്ടതാണ്. പട്ടികയിലെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2022-23 വർഷത്തെ തൊഴിൽ നികുതി നടപ്പ് സാമ്പത്തിക വർഷത്തിൽ Prior Period Profession Tax റവന്യൂ ശീർഷകത്തിൽ വരവായി സ്വീകരിച്ച ശേഷം ബന്ധപ്പെട്ട രസീതുകൾ ഉൾപ്പെടെ ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-16 ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2022-23 ലെ സ്ഥാപനങ്ങളുടെ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡി.സി.ബി. പത്രിക പ്രകാരം 14 സ്ഥാപനങ്ങളിൽ നിന്ന് 33,100/- രൂപയാണ് ഡിമാന്റ് ചെയ്തത്. പഞ്ചായത്ത് പരിധിയിലുള്ള സ്വകാര്യ ഏജൻസികൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയ 20-ഓളം സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഡി.സി.ബി. പത്രികയിൽ നിന്ന് വ്യക്തമാകുന്നു. വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ ടേണോവർ അടിസ്ഥാനത്തിലുള്ള പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു(ഗൂഗിൾ മാപ്പിൽ ലിസ്റ്റ് ചെയ്തത്).

| ക്രമനം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | അക്ഷയ ഫൈനാൻസിയേഴ്സ്, മണിമല ബസ് സ്റ്റാന്റ് |
| 2. | മറ്റത്തിൽ ഫൈനാൻസിയേഴ്സ്, മണിമല ബസ് സ്റ്റാന്റ് |
| 3. | C-DIT, മണിമല |
| 4. | നെടുംപറമ്പിൽ ക്രഡിറ്റ് സിൻഡിക്കേറ്റ്, മണിമല |
| 5. | വെള്ളാവൂർ സർവ്വീസ് സഹകരണ ബാങ്ക് നം.4300, മണിമല ശാഖ |
| 6. | ഗ്ലോബൽ ഫൈനാൻസിയേഴ്സ്, മണിമല |
| 7. | Active Fitness Centre, മണിമല |
| 8. | CSC Digital Seva Kendra, മണിമല |
| 9. | Play N Fit Badminton Indoor Cort(Sports Club Turf), മണിമല |
| 10. | Joshiz Academy Of English, മണിമല |
| 11. | T.R. Borewells, മൂങ്ങാനി |
| 12. | സാഗർ കൺവൻഷൻ സെന്റർ , കടയനിക്കാട് |
| 13. | ശബരി നഴ്സറി & ഗാർഡൻസ്, കടയനിക്കാട് |
| 14. | My Destination Abroad Educational Consultant, വെള്ളാവൂർ |
| 15. | സ്റ്റാർട്ട് ഇൻ ലോഡ്ജ്, മണിമല |
| 16. | I-COM Academy & English Language School, മണിമല |
| 17. | Designer Homes Constrution Company, മണിമല |
| 18. | ടിനിറ്റി ചിൽഡ്രൻസ് ക്ലിനിക്ക്, മണിമല |
| 19. | Shriram Transport Finance Service Limited, മണിമല |

ക്രമ നം.5 സർവ്വീസ് സഹകരണ ബാങ്കിന്റെ കടയനിക്കാട് ശാഖയുടെ ടേണോവർ അടിസ്ഥാനത്തിലുള്ള നികുതിയാണ് ഡിമാന്റിലുള്ളത്. മണിമലയിൽ പ്രവർത്തിക്കുന്ന ശാഖയ്ക്ക് നികുതി ഡിമാന്റ് ചെയ്തിട്ടില്ല. പഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വലിയ സ്ഥാപനങ്ങൾക്ക് പരമാവധി നികുതിയായ 2,500/- രൂപ നികുതി ചുമത്താവുന്നതായിരുന്നു. അക്രൂവൽ ഡിമാന്റ് കണക്കാക്കി ഈടാക്കുന്ന ടേണോവർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരുന്നത് പഞ്ചായത്തിന് നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാക്കിയിട്ടുണ്ട്. ടേണോവർ അടിസ്ഥാനത്തിൽ തൊഴിൽ

നികുതി ബാധകമായ സ്ഥാപനങ്ങളുടെ ഡിമാന്റ് ലിസ്റ്റ് തയ്യാറാക്കി നികുതി ഡിമാന്റ് ചെയ്യാതിരുന്നതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നികുതി നഷ്ടത്തിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.2/2022-23/27-11-2023) നൽകിയതിന് 19 സ്ഥാപനങ്ങളിൽ നിന്നും 2022-23 വർഷത്തെ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുമെന്ന മറുപടി ലഭിച്ചു.

മേൽവിവരിച്ച സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റ് പരിഷ്കരിച്ച് നികുതി ഡിമാന്റ് 2022-23 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കേണ്ടതും സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. പുതുക്കിയ ഡിമാന്റ് പ്രകാരം ഉൾപ്പെടുത്തിയ സ്ഥാപനങ്ങളുടെ 2022-23 നികുതി തുക നടപ്പ് സാമ്പത്തിക വർഷം Prior Period Tax ശീർഷകത്തിൽ നിന്ന് Receivable For Profession Tax-Institutions(Arrear) ശീർഷകത്തിലേക്ക് അക്രൂവൽ എൻട്രി നടത്തിയ ശേഷം കുടിശിക നികുതിയായി അടവാക്കേണ്ടതാണ്. 2022-23 നികുതി കുടിശിക ഒടുക്കിയ രസീതുകളും പുതുക്കിയ ഡിമാന്റ് ലിസ്റ്റ്, ഡി.സി.ബി. എന്നിവ ഉൾപ്പെടെ പ്രഥമ മറുപടി നൽകേണ്ടതാണ്.

## 1-17 വാടക നിക്ഷേപത്തിന്റെ വിശദാംശമില്ല-കണക്കുകളിൽ അവ്യക്തത

പഞ്ചായത്തിന്റെ 2022-23 വാടക ഡിമാന്റ് രജിസ്റ്ററിലെ ഡി.സി.ബി. പരിശോധിച്ചതിൽ നിന്നും 5 എണ്ണം ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികൾ, 2 വെയ്റ്റിങ്ങ് ഷെഡിനോട് അനുബന്ധിച്ചുള്ള മുറികൾ എന്നിവിടങ്ങളിലായി ആകെ 31 മുറികളാണുള്ളത്. ഒഴിഞ്ഞ് കിടന്നതും വാടകയില്ലാത്തതുമായ മുറികളെ ഒഴിവാക്കി 25 മുറികൾക്ക് 2022-23 വാടക ഈടാക്കിയതായി ഡി.സി.ബി. യിൽ കാണുന്നു. 2022-23 വർഷം ലേലം ചെയ്ത എസ്.സി. കാർഷിക കേന്ദ്രം ഷോപ്പിങ്ങ് കോംപ്ലെക്സ് ഉൾപ്പടെയുള്ള മുറികൾ കൈവശം വച്ചിരിക്കുന്ന കുത്തകക്കാർ വാടക നിക്ഷേപം ഒടുക്കിയോ എന്നതിൽ വ്യക്തതയില്ല. പഞ്ചായത്ത് ഫണ്ടിലുള്ള വാടക നിക്ഷേപ കണക്കുകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല. 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം 9,846/- രൂപ മാത്രമാണ് വാടക നിക്ഷേപമായി(Rent Deposit) അവശേഷിക്കുന്നത്. 25 കുത്തകക്കാരുള്ള 10 ലക്ഷത്തോളം വാർഷിക വാടക ഡിമാന്റുള്ള പഞ്ചായത്തിൽ എല്ലാ കുത്തകക്കാരും വാടക നിക്ഷേപം ഒടുക്കിയോ എന്നതിൽ വ്യക്തതയില്ല. കുത്തകക്കാർ വാടക ഒടുക്കാതെ കരാർ ഒഴിയുന്ന സാഹചര്യത്തിൽ കൃത്യമായ വാടക നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കാതിരിക്കുന്നത് വാടക ഈടാക്കുന്നതിന് കഴിയാത്ത സാഹചര്യമുണ്ടാക്കുന്നു. വാടക നിക്ഷേപ കണക്കിലെ അവ്യക്തതയും നിക്ഷേപം ഒടുക്കാതെ കുത്തകക്കാർ തുടരുന്ന അപാകതയും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.5/2022-23/29-11-2023) നൽകിയതിന് വാടക നിക്ഷേപമായി ലഭിച്ച തുക ശീർഷകം മാറി വരവ് ചേർത്തതിനാലാണ് ബാലൻസ് ഷീറ്റിൽ വാടക നിക്ഷേപമിനത്തിൽ പ്രതിഫലിക്കാത്തത് എന്നും അപാകത ജേർണൽ ചെയ്ത് 2023-24 വർഷം പരിഹരിക്കുമെന്നും മറുപടി നൽകി.

പഞ്ചായത്തിന്റെ 31/03/2023 ലെ വാടക നിക്ഷേപം(Rent Deposit) കണക്കുകൾ തയ്യാറാക്കി ഹാജരാക്കേണ്ടതും ബാലൻസ് ഷീറ്റിൽ Rent Deposit ശീർഷകത്തിൽ തുക കൃത്യമാക്കേണ്ടതുമാണ്. നിക്ഷേപം ഒടുക്കാതെ തുടരുന്ന കുത്തകക്കാരുടെ വാടക നിക്ഷേപം മതിയായ തുക അടിയന്തിരമായി ഈടാക്കേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി വാടക നിക്ഷേപം കണക്കുകൾ നിശ്ചിത മാസാവസാന തീയതിയിൽ(ഉദാഹരണം-31/01/2024, 29/02/2024) പഞ്ചായത്ത് ഫണ്ടിലുള്ളത് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പരിശോധിച്ചും ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-18 കെട്ടിട/സ്ഥല വാടക ഡിമാന്റിൽ അപാകതകൾ

2022-23 വാടക ഡിമാന്റ് രജിസ്റ്റർ ഇൻഡെക്സ് പ്രകാരം പഞ്ചായത്ത് ഉടമസ്ഥതയിലുള്ള 5 മിനി ഷോപ്പിങ്ങ് കോംപ്ലെക്സുകൾ, 2 വെയ്റ്റിങ്ങ് ഷെഡുകൾ എന്നിവിടങ്ങളിലായി 31 മുറികളും മണിമല

ടൗണിൽ 8 പ്ലോട്ടുകളുമാണ് വാടകയ്ക്ക് നൽകാൻ സജ്ജമായിട്ടുള്ളത്. ലേലം ചെയ്ത മുറികളുടെ വാടക ഡിമാന്റ് അക്കൗണ്ട് ചെയ്തതിൽ അപാകതയുള്ളതായി കാണുന്നു. രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയ ഡി.സി.ബി. പത്രിക പ്രകാരം 1,142,023/- രൂപയാണ് 2022-23 വർഷ വാടക ഡിമാന്റ്. എന്നാൽ വാർഷിക കണക്കുകളിൽ 997,259/- രൂപയാണ് ഡിമാന്റായി ചേർത്തിട്ടുള്ളത്. കുത്തകക്കാരുടെ നിക്ഷേപങ്ങളിൽ നിന്ന് ക്രമീകരിക്കേണ്ട തുക അപ്രകാരം ചെയ്യാതെയും സാമ്പത്തിക വർഷം ആരംഭത്തിൽ ഡിമാന്റ് എൻട്രി നടത്താതെ വർഷാവസാനം കളക്ഷൻ അനുസരിച്ച് ഡിമാന്റ് എൻട്രി നടത്തുന്നതും മൂലമാണ് ഡിമാന്റിൽ അപാകതയുണ്ടായത്. ഡിമാന്റ് രജിസ്റ്ററിൽ ഡിമാന്റ് തുക എത്രയെന്ന് കണക്കാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുമില്ല. കൂടാതെ വാടക ഡിമാന്റ് രജിസ്റ്ററിലെ ഓരോ പേജും ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തുന്നുമില്ല. 8 പ്ലോട്ടുകളുടെ തറവാടക രണ്ട് ശീർഷകങ്ങളിലായിട്ടുമാണ് ഡിമാന്റ് എൻട്രി ചെയ്തിരിക്കുന്നത്.

വാടക ഡിമാന്റ് അപാകതകൾ 04/12/2023 ൽ നടന്ന ഓഡിറ്റ് എക്സിറ്റ് മീറ്റിങ്ങിൽ അവതരിപ്പിച്ചപ്പോൾ അപാകത പരിഹരിക്കുമെന്നാണ് പ്രസിഡന്റ് അറിയിച്ചത്. വാടക ഡിമാന്റും കളക്ഷനും ഓരോ മാസവും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പരിശോധിക്കേണ്ടതും രേഖപ്പെടുത്തലുകൾ പൂർത്തിയാക്കി എന്ന് ഉറപ്പാക്കേണ്ടതുമാണ്. കെട്ടിട വാടക, തറവാടക ഇനങ്ങളുടെ ഡിമാന്റ് തുക വർഷാദ്യം തന്നെ നിർണ്ണയിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ശേഷം മാത്രം ഡിമാന്റ് എൻട്രി നടത്തേണ്ടതാണ്. അപാകതകൾ പരിഹരിച്ച് മറുപടി നൽകേണ്ടതാണ്.

**1-19 വാടക കരാറൊഴിഞ്ഞ കുത്തകക്കാരിയുടെ വാടകയും GST യും മുതൽക്കൂട്ടിയില്ല**

പഞ്ചായത്തിന്റെ എസ്.സി. കാർഷിക വിപണന കേന്ദ്രം VI/474/C1 നം. മുറി 04/07/2022 ൽ നടന്ന ലേലത്തിൽ ലേലം കൊണ്ട സന്ധ്യാ കെ. റ്റി., കല്ലമ്മാക്കൽ കിഴക്കേതിൽ, ചെറുവള്ളി പി.ഓ.- 686543 എന്ന വ്യക്തി മാസവാടക 40,000/- രൂപയ്ക്ക് ലേലം കൊണ്ടിരുന്നു. മെയിന്റനൻസ് നടക്കുന്നതിനാൽ ഭരണസമിതി തീരുമാന പ്രകാരം ഓഗസ്റ്റിലെ വാടക ഒഴിവാക്കിയതിനാൽ 2022-23 വാടക രജിസ്റ്റർ പേജ് നം.62 പ്രകാരം സെപ്റ്റംബർ 2022 മാസത്തെ മാത്രം വാടക 40,000/- രൂപയും GST 7,200/- രൂപയും മാത്രമാണ് 27/09/2022 ലെ 1220101244 നം. രസീത് പ്രകാരം ഒടുക്കിയതായി കാണുന്നത്. തുടർന്നുള്ള മാസങ്ങളിൽ വാടക ഒടുക്കിയിട്ടില്ല. 26/07/2022 തീയതിയിൽ സെക്രട്ടറിയുമായി 3 വർഷത്തേക്ക് 25/07/2025 വരെ വാടക കരാർ ചമച്ചു. കരാർ കറുകച്ചാൽ രജിസ്ട്രേഷൻ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വാടക കരാർ വ്യവസ്ഥ 4(2) പ്രകാരം വാടകക്കാരൻ നിലവിലുള്ള കരാർ അവസാനിപ്പിക്കുന്നതിന് മൂന്ന് കലണ്ടർ മാസം മുന്നേകൂട്ടി രേഖാമൂലം അറിയിക്കേണ്ടതാണ്. എന്നാൽ രേഖാമൂലം കരാറൊഴിയുന്നതിന് 10/01/2023 ൽ അറിയിച്ചതായും 09/01/2023 വരെയുള്ള വാടക ഈടാക്കുന്നതിനുള്ള നടപടികളുമാണ് ഡിമാന്റ് രജിസ്റ്ററിൽ കാണുന്നത്.

കുത്തകക്കാരിയുടെ സെക്യൂരിറ്റി നിക്ഷേപമായി 04/07/2022 ലെ 1220100786 രസീത് പ്രകാരം 1.6 ലക്ഷം രൂപയുള്ളതായി കാണുന്നു(340100203-Bidder's Security Deposit). ടി നിക്ഷേപം പഞ്ചായത്ത് വാടകയിനത്തിൽ 2022-23 വർഷം വരുമാനമാക്കിയതായി കാണുന്നില്ല. കുത്തകക്കാരിയുടെ നിക്ഷേപം 1.6 ലക്ഷം വാടകയിലേക്ക് കണ്ടുകെട്ടാതെ തുടർന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.11/2022-23/01-12-2023) നൽകിയതിന് കുത്തകക്കാരി വാടക മുറിയിൽ കച്ചവടം തുടങ്ങിയില്ല എന്നും 01/10/2022 മുതൽ 09/01/2023 വരെയുള്ള വാടക, GST എന്നിവ നിക്ഷേപത്തിൽ നിന്ന് ഈടാക്കുന്നതിനുള്ള കണക്ക് ഫയലിൽ നൽകിയെന്നും അറിയിച്ചു. കുത്തകയെടുത്ത ആൾക്ക് വാണിജ്യം തുടങ്ങാൻ സാധിക്കാതിരുന്ന സാഹചര്യം പരിഗണിച്ച് വാടക 09/01/2023 വരെ മാത്രം ഈടാക്കാനാണ് ഭരണസമിതി 12/01/2023 ൽ 7(2) തീരുമാനമായി അംഗീകരിച്ചതെന്നും അറിയിച്ചു. 2023 ഫെബ്രുവരി മാസം തന്നെ പ്രസ്തുത മുറി വാടകയ്ക്കായി ലേലം ചെയ്ത് പോയതായും അറിയിച്ചു. വാടക റിക്കവർ ചെയ്യേണ്ട കണക്കുകൾ ഫയൽ പ്രകാരമുള്ളത് താഴെ ചേർക്കുന്നു.

| | |
|---|---|
| വാടക(01/10/2022 - 09/01/2023) | 131,613/- |

| | |
|---|---|
| CGST | 11,845/- |
| SGST | 11,845/- |
| വൈദ്യുതി ചാർജ് | 449/- |
| പിഴപ്പലിശ | 4,000/- |
| ആകെ | 159,752/- |

2023-24 വർഷം സന്ധ്യാ കെ. റ്റി. എന്ന കുത്തകക്കാരിയുടെ 340100203 ശീർഷകത്തിലുള്ള 1.6 ലക്ഷം രൂപ നിക്ഷേപത്തിൽ നിന്നും പട്ടിക പ്രകാരം 2022-23 വർഷ കുടിശിക വാടകയായി Prior Period ഇനത്തിലും മറ്റിനങ്ങൾ അതാത് ശീർഷകങ്ങളിലും ക്രമീരിക്കേണ്ടതാണ്. വൈദ്യുതി ചാർജ്, പിഴപ്പലിശ എന്നിവ തനത് ഫണ്ടിലേക്ക് വരുമാനമായി ചേർക്കേണ്ടതാണ്. നടപടികൾ പൂർത്തിയാക്കിയ ശേഷം തുക കണ്ടുകെട്ടിയ ജേർണൽ വൗച്ചർ, സാക്ഷ്യപ്പെടുത്തിയ വാടക കുടിശിക ഡി.സി.ബി. എന്നിവ ഉൾപ്പടെ ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടി നൽകേണ്ടതാണ്.

**1-20 ട്രേഡർമാരുടെ ലൈസൻസ് /തൊഴിൽ നികുതി-അടിസ്ഥാന ഡേറ്റ തയ്യാറാക്കിയിട്ടില്ല**

വെള്ളാവൂർ ഗ്രാമപഞ്ചായത്തിലെ ട്രേഡർമാരുടെ എണ്ണവും വിവരവും സംബന്ധിച്ച് വാർഡ് അടിസ്ഥാനത്തിൽ കൃത്യമായ ഡാറ്റയായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഔദ്യോഗിക ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ പഞ്ചായത്ത് പ്രദേശത്തെ 13 വാർഡുകളിലെയും ട്രേഡർമാരുടെ ലൈസൻസ്/തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമാണോ എന്നതിൽ വ്യക്തതയില്ല. പഞ്ചായത്തിൽ ലഭ്യമായ 2022-23 ലൈസൻസൻസ് രജിസ്റ്റർ പ്രകാരം 290 ട്രേഡർമാരെയാണ് ലൈസൻസ്/തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിലുള്ളത്. 2022-23 ലൈസൻസൻസ് രജിസ്റ്ററിലാണ് ട്രേഡർ തൊഴിൽ നികുതി വിവരവും ചേർക്കുന്നത്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡർമാരുടെ വിവരം ലഭ്യമല്ലാത്തതിനാൽ വാർഡ് അടിസ്ഥാനത്തിൽ ഡി.സി.ബി.-യും തയ്യാറാക്കിയിട്ടില്ല. ഡയറി എക്സ്റ്റെൻഷൻ ഓഫീസർ നടപ്പാക്കിയ പ്രോജക്ട് നം.90/23 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പ്രോജക്ടിൽ സബ്സിഡി വിതരണത്തിലെ ഏജൻസിയായ 7 ക്ഷീരസംഘങ്ങളിൽ പഞ്ചായത്ത് പരിധിയിലുള്ള 4 സംഘങ്ങൾ പഞ്ചായത്തിന്റെ നിലവിലുള്ള ട്രേഡർ ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല.

1. ഏറത്തുവടകര KUCS Ltd No.K-255(D) APCOS
2. കടയനിക്കാട് KUCS Ltd No.K-248(D) APCOS
3. താഴത്തുവടകര KUCS Ltd No.K-177(D) APCOS
4. വട്ടക്കാവ് KUCS Ltd No.K-178(D) APCOS

സർക്കാരിൽ രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ തൊഴിൽ നികുതി/ലൈസൻസ് ഡിമാന്റിൽ ഉൾപ്പെടാത്തത് തനത് വരുമാന സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നില്ല എന്നതിന്റെ സൂചനയാണ്. ട്രേഡർമാരുടെ കൃത്യമായ ഡേറ്റാബേസിന്റെ അഭാവം ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് IFTE & OS ലൈസൻസ് ചട്ട ലംഘനത്തിനും തനത് വരുമാന നഷ്ടത്തിനും ഇടയാക്കും. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.7/2022-23/30-11-2023) നൽകിയതിന് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് ഡിമാന്റ് ക്രമീകരിക്കുമെന്ന് മറുപടിയിൽ അറിയിച്ചു. ക്രമ നം.3 ക്ഷീരസംഘത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയതായും അറിയിച്ചു.
പഞ്ചായത്തിന്റെ 13 വാർഡുകളിലെ ട്രേഡേഴ്സിന്റെ ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ ലൈസൻസ് ഡിമാന്റും ട്രേഡർ തൊഴിൽ നികുതി ഡിമാന്റും നിർണ്ണയിച്ച് ലൈസൻസ് നടപടികൾ പൂർത്തിയാക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ ലൈസൻസ്/ട്രേഡർ തൊഴിൽ നികുതി ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ട്രേഡർമാരുടെ ലൈസൻസ് ഡിമാന്റ് നടപടികൾ മേൽപറഞ്ഞ വിധം ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. പഞ്ചായത്ത് പ്രോജക്ടിൽ ഉൾപ്പെട്ട 4 ക്ഷീരസംഘങ്ങളുടെ 2022-23 ലൈസൻസ് ഫീസ്/ടേണോവർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി എന്നിവ കുടിശികയായി അടവാക്കി അനുബന്ധരേഖകളും

ഹാജരാക്കേണ്ടതാണ്.

**1-21 മരങ്ങൾ ലേലത്തിൽ വിറ്റുപോകാത്തത് നിഷ്ക്രിയമായി അവശേഷിക്കുന്നു**

പഞ്ചായത്ത് പ്രദേശത്ത് വിവിധ ഭാഗങ്ങളിലുള്ള പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മരങ്ങൾ ലേലത്തിൽ വിറ്റുപോകാത്തത് നിഷ്ക്രിയമായി അവശേഷിക്കുന്നതായി കാണുന്നു. മരങ്ങളുടെ വാല്യുവേഷൻ രജിസ്റ്റർ പ്രകാരം 17 മരങ്ങളിൽ 6 എണ്ണം മാത്രമാണ് ലേലങ്ങൾക്ക് ശേഷം ക്വട്ടേഷൻ നടപടികളിലൂടെ 2022-23 വർഷം വിറ്റുപോയത്. മറ്റ് 11 മരങ്ങൾ 16/05/2022 ലെ ലേലത്തിനു ശേഷം ആരും ലേലം കൊള്ളാത്തതിനാൽ തുടർനടപടികളില്ലാതെ അവശേഷിക്കുന്നതായി കാണുന്നു. വാല്യുവേഷൻ രജിസ്റ്റർ പ്രകാരം വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | തടി ഇനം | സ്ഥിതിചെയ്യുന്ന സ്ഥലം/Location | വാല്യുവേഷൻ |
|---|---|---|---|
| 1. | തെങ്ങ് | വാർഡ്-1 | ലഭിച്ചില്ല |
| 2. | ബദാം | വാർഡ്-2 | ലഭിച്ചില്ല |
| 3. | വാക | ഏഴാം മെൽ ജംഗ്ഷൻ | ലഭിച്ചില്ല |
| 4. | ആഞ്ഞിലി | ഏഴാം മെൽ ജംഗ്ഷൻ | 310,198/- |
| 5. | മുരിക്ക് | പൊതുകിണറിന് സമീപം | 992/- |
| 6. | പ്ലാവ് | ഊരുകൂട്ട സാംസ്കാരിക നിലയം വാർഡ്-7 | 19,690/- |
| 7. | പ്ലാവ് | ഊരുകൂട്ട സാംസ്കാരിക നിലയം വാർഡ്-7 | 5,613/- |
| 8. | പ്ലാവ് | - | 105,706/- |
| 9. | മുറിച്ചിട്ട തേക്ക് | ഗവ. എൽ.പി.എസ്. മണിമല | 67,341/- |
| 10. | തോട്ടുപുറമ്പോക്കിൽ മാവ് -1 എണ്ണം | മണിമല-കറുകച്ചാൽ റോഡ് കോത്തല പടിക്ക് സമീപം | തടി-8,197/- വിറക്-1,035/- |
| 11. | റോഡിന്റെ വശത്തുള്ള തേക്ക്- 2 എണ്ണം | കടയനിക്കാട് എസ്.എച്ച് LPS എട്ടാം മൈൽ റോഡ് | തടി-4,275/- വിറക്- 4,565/- |

മരങ്ങളുടെ നിലവിലെ അവസ്ഥ പരിശോധിച്ച് വരുന്നതായി കാണുന്നില്ല. ലേലത്തിൽ വിറ്റുപോകാത്ത മരങ്ങൾ ക്വട്ടേഷൻ മുഖേന വിൽക്കാനോ പഞ്ചായത്ത്/വിട്ടുകിട്ടിയ സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനത്തിന് വിനിയോഗിക്കുകയോ ചെയ്യാതെ ദീർഘകാലം തുടരുന്നത് മുറിച്ചിട്ട മരങ്ങളാണെങ്കിൽ ആയവ നശിച്ച് ഉപയോഗശൂന്യമാകുന്നതിന് ഇടയാക്കും. മരങ്ങളുടെ നിലവിലെ അവസ്ഥ പരിശോധിക്കുന്നതിലെ വീഴ്ചയും ദീർഘകാലമായി തുടർനടപടി സ്വീകരിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.6/2022-23/30-11-2023) നൽകിയതിന് പുനർലേലം നടത്തിയിട്ടും മരങ്ങൾ വിറ്റുപോയില്ല എന്നും തുടർന്ന് ക്വട്ടേഷൻ നടപടികളിലൂടെയോ മറ്റ് നടപടികളിലൂടെയോ മരങ്ങൾ വിൽക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് മറുപടിയിൽ അറിയിച്ചു.

വിവിധ സ്ഥലങ്ങളിലുള്ള വാല്യുവേഷൻ എടുത്ത മരങ്ങൾ പുനർലേലം ചെയ്തോ ക്വട്ടേഷൻ നടപടിയിലൂടെയോ ആയവയുടെ മൂല്യം പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാനുള്ള നടപടി ഭരണസമിതി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. നടപടികളുടെ വിശദാംശം പ്രഥമ മറുപടിയിൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-22 ആക്രി സാധനങ്ങൾ ലേലം ചെയ്യാൻ അവശേഷിക്കുന്നു**

വെള്ളാവൂർ പഞ്ചായത്ത് ഓഫീസിനു ചുറ്റുമായി കാലഹരണപ്പെട്ട ഫർണ്ണിച്ചർ തുടങ്ങിയ ആക്രി സാധനങ്ങൾ കൂട്ടിയിട്ടിരിക്കുന്നതായി കാണുന്നു. ആയവ വാല്യുവേഷൻ എടുത്ത് ലേല നടപടികൾ തുടങ്ങിയതായി കാണുന്നില്ല. വിശദാംശങ്ങളുടെ ചിത്രങ്ങൾ ചുവടെ ചേർക്കുന്നു.





ഈ വിഷയം 04/12/2023-ൽ നടന്ന ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിച്ചപ്പോൾ നിലവിൽ വാല്യുവേഷൻ പൂർത്തിയായതായും ലേലം നടത്തുന്നതാണ് എന്നും ഭരണസമിതിക്കുവേണ്ടി പ്രസിഡന്റ് മറുപടി നൽകി. ലേലം നടത്തി ആക്രി സാധനങ്ങളുടെ മൂല്യം പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. ലോഹ ആക്രി സാധനങ്ങൾക്ക് മൂല്യത്തിന്റെ 18%, തടി മറ്റ് ആക്രികൾക്ക് 5% നിരക്കിൽ GST ഒടുക്കേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി വിശദാംശം മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-23 തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് അധിക വിഭവ സമാഹരണം

വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനസ്രോതസ്സുകൾ പൂർണ്ണമായി കണ്ടെത്തുകയും പുതിയവ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ നികുതി/നികുതിയേതര തനത് വരുമാനം വിപുലീകരിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ വരവിനങ്ങൾ പരിശോധിച്ചതിൽ ഓഡിറ്റ് നിരീക്ഷണങ്ങളും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശകളും താഴെ ചേർക്കുന്നു.

**വസ്തുനികുതി വരവ്**

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ വസ്തുനികുതി സമാഹരണം കാര്യക്ഷമമാക്കും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**ബിൽഡിങ്ങ് പെർമിറ്റ്**

ഫീൽഡ്തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണ പൂർത്തീകരണത്തിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണങ്ങൾ

റിപ്പോർട്ട് ചെയ്യാനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതും നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം നിർത്തിവെപ്പിക്കേണ്ടതും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്.

**പ്രോഫഷണൽസിന്റെ തൊഴിൽ നികുതി**

സ്വയംതൊഴിൽ കണ്ടത്തിയവർ പ്രൊഫഷണലുകൾ മുതലായവരെ ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ, ചാർട്ടേർഡ് അക്കൗണ്ടന്റുമാർ തുടങ്ങിയവരെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

**ലൈസൻസ് വരവ്**

ലൈസൻസ് ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്നതിലുപരി പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ആരോഗ്യത്തിനും അപകടം/അസഹ്യത ഒഴിവാക്കുന്നതിനുത്തരവാദിയായ ഗ്രാമപഞ്ചായത്ത് മേൽ കർത്തവ്യം നിറവേറ്റുന്നതിൽ ഉപേക്ഷ വരുത്തുകയും ചെയ്തു. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി ഇക്കാര്യം അടിയന്തിരമായി പരിശോധിച്ച്, പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും IFTEOS ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**വാടക**

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 5 മിനി ഷോപ്പിംങ്ങ് കോപ്ലക്സുകളിൽ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്ന മുറികൾ വാടകയ്ക്ക് നൽകാൻ പറ്റുന്ന രീതിയിൽ സജ്ജമാക്കുന്നതിന് ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്. എസ്.സി കാർഷിക വിപണന കേന്ദ്രം മുറികൾ എല്ലാം ലേലം നടത്തി പഞ്ചായത്തിന്റെ തനത് വരുമാനം ഉറപ്പാക്കേണ്ടതാണ്.

## 1-24 ഇ - ടെണ്ടർ ഫീസ് ലഭ്യമാകാൻ നടപടി സ്വീകരിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ഇ-ടെണ്ടർ മുഖേന നടപ്പാക്കുന്ന പ്രോജക്റ്റുകളുടെ ടെൻഡർ ഫീസ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വെയ്ക്കുന്നത്. ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമാണ്.

2022-23 വർഷം ഇ-ടെൻഡർ ഫീസ് ഇനത്തിൽ 38800 രൂപ വരവുണ്ട്. ടെൻഡർ തുക തിരികെ ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയെങ്കിലും 2023-24 വർഷത്തെ തുക മാത്രമാണ് പഞ്ചായത്തിൽ ലഭിച്ചു തുടങ്ങിയിരിക്കുന്നത്. ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും എസ്.ബി.ഐ.യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. വെള്ളാവൂർ ഗ്രാമപഞ്ചായത്ത് എസ്ബിഐ മണിമല ശാഖയിൽ ഇത്തരത്തിൽ ആരംഭിച്ചിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് (A/c No34187946384) 2023-24 വർഷത്തെ തുക ക്രെഡിറ്റ് ആയിരിക്കുന്നത് . എന്നാൽ തൻവർഷത്തെയും മുൻവർഷത്തേതുമുൾപ്പെടെ തുക ജില്ലാപഞ്ചായത്തിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കാനവശേഷിക്കുന്നു. ഇ-ടെൻഡർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ള തുകകൾ തനത് ഫണ്ടിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവനപദ്ധതി (ജനറൽ) ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

പ്രോജക്റ്റ് നം.SOO91/23

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി (ജനറൽ) യിൽ ഉൾപ്പെട്ട ഗുണഭോക്താവായ ലീലാമ്മ.കെ.എസ്,കൈപ്പയിൽ ,മണിമല ,വാർഡ്3 എന്ന ഗുണഭോക്താവ് നിലവിൽ 200,000രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഭവനനിർമ്മാണം പൂർത്തിയാക്കി ബാലൻസ് തുക കൈപ്പറ്റിയിട്ടില്ല.ടി ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തിയാക്കി ബാലൻസ് തുക കൈപ്പറ്റാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-26 വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല**

പ്രോജക്ട് നം.S0092/23

വികസനഫണ്ട്(ജനറൽ) -4290,000

ചെലവഴിച്ച തുക-41,25,000
ബിൽ നം. – 420/18.03.23

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥയായി 143 കുടുംബങ്ങൾക്ക് 30000 രൂപ വീതം ഭവനപുനരുദ്ധാരണത്തിന് ധനസഹായം നൽകാൻ ഉദ്ദേശിച്ച് നടപ്പിലാക്കിയ പ്രോജക്റ്റിൽ 137 ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തിയാക്കി മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ശോശാമ്മ സൈമൺ, ചിറവാലുക്കൽ, വാർഡ്8 എന്ന ഗുണഭോക്താവ് അഡ്വാൻസായി 15000രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ച് അവശേഷിക്കുന്ന 15000രൂപ കൈപ്പറ്റിയിട്ടില്ല. ടി ഗുണഭോക്താവ് ഭവന പുനരുദ്ധാരണം പൂർത്തിയാക്കാത്ത പക്ഷം അഡ്വാൻസായി നൽകിയ 15000രൂപ തിരികെ ഈടാക്കേണ്ടതാണ്. ടി ഗുണഭോക്താവ് ഭവനപുനരുദ്ധാരണം പൂർത്തിയാക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച 15000/-രൂപ തടസ്സപ്പെടുത്തുന്നു.

**1-27 ഹോമിയോ ആശുപത്രി കെട്ടിടനിർമ്മാണം- വിനിയോഗവിവരങ്ങളില്ല**

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർഹണോദ്യോഗസ്ഥയായി ഹോമിയോ ആശുപത്രി കെട്ടിടനിർമ്മാണം -എം.പി.ലാഡ് ഫണ്ടിലേയ്ക്ക് 900000രൂപ വാഴൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | 202/23 | ചെലവഴിച്ച തുക | ബിൽ നം./തീയതി |
|---|---|---|---|
| വികസനഫണ്ട്(പൊതു വിഭാഗം) | 200000 | 200000 | 413/17.3.23 |
| ധനകാര്യകമ്മീഷൻ അവാർഡ് | 700000 | 700000 | 367/9.3.23 |
| | ആകെ | 900000 | |

ഹോമിയോ ആശുപത്രി കെട്ടിടനിർമ്മാണത്തിനായി ബഹു.പത്തനംതിട്ട എം.പിയുടെ പ്രാദേശിക വികസനഫണ്ടിൽ നിന്നും 12,00,000രൂപയും, ഗ്രാമപഞ്ചായത്ത് വിഹിതമായി 900000 രൂപയുമുൾപ്പടെ ആകെ 21 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഹോമിയോ ആശുപത്രി കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/1.12.23) മറുപടിയായി നിലവിൽ ഹോമിയോ ആശുപത്രി കെട്ടിടനിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണെന്നും, നിർമ്മാണം പൂർത്തീകരിച്ചതിനു ശേഷം വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും അറിയിച്ചു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ചെലവഴിച്ച 900000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-28 സമ്പൂർണ്ണ പോഷകാഹാര പരിപാടി – അമൃതം ന്യൂട്രിമിക്സിന്റെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്**

ഐ സി ഡി എസ് സൂപ്പർവൈസർ സൂക്ഷിക്കുന്ന THRS സ്റ്റോക്ക് രജിസ്റ്റർ , വിവിധ അങ്കണവാടികളിൽ എഴുതി സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററുമായി വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ തീയതി | അങ്കണവാടി നമ്പർ | ഐ സി ഡി എസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്റർ | അങ്കണവാടി വർക്കറുടെ സ്റ്റോക്ക് രജിസ്റ്റർ |
|---|---|---|---|

| | | | |
|---|---|---|---|
| | | പ്രകാരം സ്റ്റോക്ക് (Kg) | പ്രകാരം സ്റ്റോക്ക് (Kg) |
| 31/08/22 | 87 | 46 | 45 |
| | 86 | 36 | 39 |
| 28/12/22 | 119 | 42 | 36 |
| | 86 | 36 | 30 |
| | 82 | 39 | 36 |
| 02/02/23 | 86 | 36 | 45 |
| | 82 | 39 | 30 |

സ്റ്റോക്ക് രജിസ്റ്ററുകളിലെ വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/03-12-23) മറുപടി ലഭ്യമായില്ല. വ്യത്യാസം വിശദീകരിക്കേണ്ടതും ഭക്ഷണ സാധനങ്ങളുടെ സ്റ്റോക്ക് എൻട്രിയുടെ കൃത്യത ഐ സി ഡി എസ് സൂപ്പർവൈസർ ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-29 നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകകളുടെ വിനിയോഗവിവരം ലഭ്യമല്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി വിവിധ നിർവ്വഹണ ഏജൻസികളിൽ 878,960 രൂപ നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | നിർവ്വഹണ ഏജൻസി | നിക്ഷേപിച്ച തുക | ഫണ്ടിനം | ബിൽനം./ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| S0012/23,ആറാം വാർഡിൽ കുഴൽ കിണർ നിർമാണവും ഹാൻഡ് പമ്പ് സ്ഥാപിക്കലും | ഭൂജലവകുപ്പ് | 134000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 417/17.3.23 | ഭൂജലവകുപ്പുമായി കരാർ ചമച്ചിട്ടില്ല |
| S0125/23,ഒന്നാം വാർഡിലെ വിവിധസ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | കെ.എസ്.ഇ.ബി | 70000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 287/16.1.23 | കരാറിൽ സെക്രട്ടറി ഒപ്പ് വച്ചിട്ടില്ല |
| S0126/23,മൂന്നാം വാർഡിലെ വിവിധസ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | കെ.എസ്.ഇ.ബി | 50,000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 288/16.1.23 | കരാറിൽ സെക്രട്ടറി ഒപ്പ് വച്ചിട്ടില്ല |
| S0127/23,ഏഴാംവാർഡിലെ വിവിധസ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | കെ.എസ്.ഇ.ബി | 84960 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 286/16.1.23 | കരാറിൽ സെക്രട്ടറി ഒപ്പ് വച്ചിട്ടില്ല |
| S0243/23,വെള്ളാവൂർ ഗ്രാമപഞ്ചായത്തിലെ 1,2,3,4,5&6വാർഡുകളിൽ കുഴൽ കിണർനിർമ്മാണം | ഭൂജലവകുപ്പ് | 516000<br>24000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>തനത് ഫണ്ട് | 418/17.3.23<br>419/17.3.23 | ഭൂജലവകുപ്പുമായി കരാർ ചമച്ചിട്ടില്ല |
| | ആകെ | 878,960 | | | |

878,960രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.10/1.12.23) മറുപടിയായി വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ചെലവഴിച്ച 878,960/- രൂപ തടസ്സപ്പെടുത്തുന്നു.

### 1-30 ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി വെള്ളാവൂർ ഗ്രാമപഞ്ചായത്ത് ഊരുകൂട്ട സാംസ്കാരിക നിലയത്തിന് സംരക്ഷണ ഭിത്തി നിർമ്മാണം എന്ന പ്രോജക്ടിനായി തനത് ഫണ്ടിൽ നിന്നും 857897 രൂപ ചെലവഴിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ പരിശോധനയിൽ പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം മാത്രമാണ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് കണ്ടു. കെട്ടിടം രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല . സാംസ്കാരിക നിലയം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-31 കാലി ബാരൽവില സർക്കാറിലേയ്ക്ക് അടവാക്കേണ്ടതാണ്ണ്

സർക്കുലർ നമ്പർ 59827/എഫ് എം/07/തസ്വഭവ തീയതി 30-10-2007 പ്രകാരം കരാറുകാരനിൽ നിന്നും ഈടാക്കുന്ന ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ജി ഒ (പി)177/06/ഫിൻ തീയതി 12-4-2006 ഉത്തരവ് ഖണ്ഡിക 3-10 പാലിച്ച് തിരിച്ചടയ്ക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ 2022-23 ൽ നിർവ്വഹണം നടത്തിയ റോഡ് റീടാറിംഗ് പ്രവൃത്തികളുടെ പ്രൈസ് 3 യിൽ തയ്യാറാക്കിയ ഫൈനൽ ബില്ലിൽ നിന്നും കാലിബാരൽ വില കണക്കാക്കി കുറവ് ചെയ്യുന്ന തുകകൾ നിലവിൽ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതായി കാണുന്നു. 2022-23 ൽ കാലി ബാരൽ വിലയായി 29786 രൂപ സർക്കാരിലേയ്ക്ക് തിരികെ അടവാക്കാനുള്ളത് തനത് ഫണ്ടിൽ നിന്ന് സർക്കാരിലേയ്ക്ക് തിരികെ അടവാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

### 1-32 വിവിധ നീർതടങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപരിപാലനം,നേഴ്സറി നിർമ്മാണം-സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം എംജിഎൻആർഇജിഎസ് പദ്ധതി പ്രകാരം വിവിധ നീർതടങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപരിപാലനം, നേഴ്സറി നിർമ്മാണം പരിപാലനത്തിനായി ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | ചെലവഴിച്ച തുക (രൂപ) |
|---|---|
| നേഴ്സറി നിർമ്മാണവും പരിപാലനവും | 61640 |
| ഏറത്തുവടകര നീർത്തടത്തിൽ വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കലും പരിപാലനവും | 10312 |
| കടലാടി നീർത്തടത്തിൽ വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കലും പരിപാലനവും | 12450 |
| പ്ലാത്താനം നീർത്തടത്തിൽ വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കലും പരിപാലനവും | 4600 |

ഫയൽ പരിശോധനയിൽ വൃക്ഷത്തൈകൾ നടുക എന്ന പ്രവൃത്തി മാത്രമെ നടന്നതായി കാണുന്നുള്ളൂ. തൈകളുടെ പരിപാലനത്തിനായി എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും ആയതിനായി സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങളൊന്നും തന്നെ പാലിച്ചതായി കാണുന്നില്ല. 29-5-2018 ലെ സർക്കുലർ നം പിഎസ് 2/288/2018/തസ്വഭവ പ്രകാരം നടപ്പാക്കേണ്ടിയിരുന്ന ചുവടെ ചേർക്കുന്ന

പ്രവൃത്തികളിൽ നടപ്പാക്കിയിട്ടില്ല.

1. ഓരോ ഗ്രാമപഞ്ചായത്തിലും വൃക്ഷത്തൈകൾ നട്ട് പരിപാലിക്കുന്നതിന് കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങളെ ചുമതലപ്പെടുത്തേണ്ടതാണ്. അയൽക്കൂട്ട അംഗങ്ങൾക്കുള്ള കൂലി വൃക്ഷത്തൈകളുടെ അതിജീവനത്തിന്റെ അടിസ്ഥാനത്തിൽ നൽകേണ്ടതാണ്. 75%ൽ താഴെ മാത്രം അതിജീവനമുള്ള സാഹചര്യത്തിൽ കൂലിയ്ക്ക് അർഹതയുള്ളതല്ല.

2. ഓരോ അയൽക്കൂട്ടത്തിനും നൽകുന്ന/പരിപാലനചുമതലയുള്ള വൃക്ഷത്തൈകൾ സംബന്ധിച്ച വാർഡ്തലത്തിൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

3. വൃക്ഷത്തൈകളുടെ അതിജീവനം ഓരോമാസവും ഉറപ്പുവരുത്തുന്നതിനുള്ള മോണിറ്ററിങ് സംവിധാനം വാർഡ് മെമ്പർ അദ്ധ്യക്ഷനും എഡിഎസ് സെക്രട്ടറി കൺവീനറുമായി രൂപീകരിക്കേണ്ടതാണ്.

4.വൃക്ഷത്തൈകളുടെ അതിജീവനം ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും കൃഷി ഓഫീസർ കൺവീനറുമായ ഒരു മോണിറ്ററിങ് സമിതി രൂപീകരിക്കേണ്ടതാണ്

5. വൃക്ഷത്തൈകളുടെ അതിജീവനം സംബന്ധിച്ച മുഴുവൻ പ്രവർത്തനങ്ങളും സോഷ്യൽ ഓഡിറ്റിന് വിധേയമായതും ആയതിന്റെ വിശദാംശങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതുമാണ്.

വൃക്ഷത്തൈ നടീലും പരിപാലനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നടപ്പാക്കുന്നതാണെന്ന് എൻക്വയറി നം. (17/ 04-12-23) ന് എൻ ആർ ഇ ജി എ എൻജിനീയർ മറുപടി നൽകി. വൃക്ഷത്തൈകളുടെ പരിപാലനം ഉറപ്പു വരുത്താൻ ഭരണ സമിതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

**1-33 തൊഴിലുറപ്പ് പദ്ധതി മുൻകൂർ തുക 16.8 ലക്ഷം രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു**

തൊഴിലുറപ്പ് പദ്ധതിയുടെ 2022-23 ലെ കണക്കുകൾ ലഭ്യമാക്കിയതിൻ പ്രകാരം 31/03/2023 തീയതിയിൽ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് നൽകിയ മുൻകൂർ ഇനത്തിൽ 1,683,862/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. 2021-22, 2022-23 വർഷങ്ങളിൽ തൊഴിലുറപ്പിന് നൽകിയ മുൻകൂറുകൾ മതിയായ അലോട്ട്മെന്റ് ലഭ്യമാക്കി ക്രമീകരിക്കാതെ തുടരുന്നതാണ് 16 ലക്ഷത്തിലധികം രൂപ ക്രമീകരിക്കാതെ അവശേഷിക്കാൻ കാരണം. വാർഷിക കണക്കുകളിൽ 460500501-Advance To Implementing Officers, 460500801-Advance To Mahatma Gandhi NREGA/AUGES Administrative Expenses, 460509901-Advance To Others എന്നീ മൂന്ന് ശീർഷകങ്ങളിലാണ് തൊഴിലുറപ്പിന് നൽകിയ മുൻകൂർ അക്കൗണ്ട് ചെയ്തിരിക്കുന്നതായി 2022-23 Advance Register ൽ നിന്ന് വ്യക്തമാകുന്നത്. മുൻകൂറുകളുടെ മുന്നിരിപ്പ് വിശദാംശത്തിന്റെ കൃത്യത വ്യക്തമല്ലാത്തതിനാൽ 31/03/2023 ബാലൻസ് ഷീറ്റിൽ തൊഴിലുറപ്പ് നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല. തൻവർഷം ലഭ്യമായ തൊഴിലുറപ്പ് ഫണ്ടും പലിശയും ഉൾപ്പടെ തൊഴിലുറപ്പ് അക്കൗണ്ടിൽ അവശേഷിക്കുന്ന 1.65 ലക്ഷം രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ അടവാക്കിയുമില്ല.

തൊഴിലുറപ്പ് മുൻകൂർ തുക 460500801 ശീർഷകത്തിൽ മാത്രമായി ക്രമീകരിക്കേണ്ടതാണ്. തൊഴിലുറപ്പ് അക്കൗണ്ടിൽ അവശേഷിക്കുന്ന 1.65 ലക്ഷം രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ വരവ് ചേർക്കേണ്ടതാണ്. പഞ്ചായത്ത് ഫണ്ടിലേക്കുള്ള മുൻകൂർ ക്രമീകരിക്കാൻ മതിയായ തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി മുൻകൂർ തുക 2023-24 വർഷം തന്നെ ക്രമീകരിക്കാനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

**1-34 തൊഴിലുറപ്പ് പ്രവൃത്തിയുടെ ചെലവ് തിരിച്ചടച്ചത് കേന്ദ്ര തൊഴിലുറപ്പ് ഫണ്ടിലേക്ക് അടവാക്കിയില്ല**

തൊഴിലുറപ്പ് പദ്ധതിയിൽ 2022-23 വർഷം പശുത്തൊഴുത്ത് നിർമ്മാണത്തിലെ അപാകത മൂലം തൊഴിലുറപ്പ് ഫണ്ട് 10,000/- രൂപ മിനി മോഹൻ, ഇലഞ്ഞിപ്പുറത്ത്, കുളത്തുപറയാർ എന്ന വ്യക്തി 30-11-2022 ലെ 1220101762/G051004 രസീത് പ്രകാരം ഒടുക്കിയത് തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. 320100128 എന്ന് MNREGS അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് വരവായിട്ടാണ് തുക അക്കൗണ്ട് ചെയ്തത്. തനത് ഫണ്ടിൽ നിക്ഷേപിച്ച ടി വരവ് തൊഴിലുറപ്പ് ഫണ്ടായി അക്കൗണ്ട് ചെയ്തതിനാൽ 31/03/2023 ബാലൻസ് ഷീറ്റിൽ തൊഴിലുറപ്പ് ഫണ്ടിന്റെ നീക്കിയിരിപ്പും തൊഴിലുറപ്പ് ബാങ്ക് അക്കൗണ്ട്

നീക്കിയിരിപ്പും തമ്മിൽ 10,000/- രൂപയുടെ വ്യത്യാസത്തിന് ഇടയാക്കി. തൊഴിലുറപ്പ് ഫണ്ട് തിരിച്ചടവായി ലഭിച്ച തുക കേന്ദ്ര തൊഴിലുറപ്പ് ഫണ്ടിലേക്ക് തിരിച്ചടച്ച് പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

2022-23 ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 25/11/2023, 27/11/2023 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം(Financial Audit Certificate 2022-23) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2022-23 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 1,484,998/- രൂപയും വാഴൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പ്രോജക്ട് 2,009,710/- രൂപയും ലഭിച്ചിട്ടുണ്ട്. ജില്ല-ബ്ലോക്ക് വിഹിതങ്ങളുടെ ചെലവ് വിശദാംശം ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു

| തുക നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | 41,310/- | പാലിയേറ്റീവ് കെയർ (35/23) | 41,310/- | 0 |
| | 325,000/- | ലൈഫ് ഭവന പദ്ധതി പട്ടികജാതി (30/23) | 325,000/- | 0 |
| | 100,000/- | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി ജനറൽ (13/23) | 100,000/- | 0 |
| | 150,000/- | ശാരീരിക മാനസിക | 150,000/- | 0 |

| | | | | |
|---|---|---|---|---|
| | | വെല്ലുവിളി നേരിടുന്ന വർക്ക് സ്കോളർഷിപ്പ് ബത്ത (16/23) | | |
| | 496,400/- | ലൈഫ് ഭവന പദ്ധതി ജനറൽ (24/23) | 496,400/- | 0 |
| | 127,000/- | ലൈഫ് ഭവന പദ്ധതി ജനറൽ (23/23) | 127,000/- | 0 |
| | 470,000/- | ലൈഫ് ഭവന പദ്ധതി ജനറൽ (91/23) | 470,000/- | 0 |
| | 300,000/- | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി(90/23) | 300,000/- | 0 |
| | **2,009,710/-** | **ആകെ ബ്ലോക്ക് വിഹിതം** | **2,009,710/-** | **0** |
| | 100,000/- | ലൈഫ് ഭവന പദ്ധതി പട്ടികജാതി (30/23) | 100,000/- | 0 |
| | 100,000/- | ലൈഫ് ഭവന പദ്ധതി പട്ടികജാതി (29/23) | 100,000/- | 0 |
| | 135,802/- | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി ജനറൽ (13/23) | 135,802/- | 0 |
| കോട്ടയം ജില്ല പഞ്ചായത്ത് | 110,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് സ്കോളർഷിപ്പ് ബത്ത (16/23) | 110,000/- | 0 |
| | 63,600/- | ലൈഫ് ഭവന പദ്ധതി ജനറൽ (24/23) | 63,600/- | 0 |
| | 100,000/- | ലൈഫ് ഭവന പദ്ധതി ജനറൽ (23/23) | 100,000/- | 0 |
| | 410,000/- | ലൈഫ് ഭവന പദ്ധതി ജനറൽ (91/23) | 410,000/- | 0 |
| | 465,596/- | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി(90/23) | 465,596/- | 0 |
| | **1,484,998/-** | **ജില്ല പഞ്ചായത്ത് വിഹിതം** | **1,484,998/-** | **0** |

ജില്ല-ബ്ലോക്ക് വിഹിതങ്ങൾ വിനിയോഗിച്ച പ്രോജക്റ്റുകൾ എല്ലാം റവന്യൂ ചെലവുകളാണ്. പ്രോജക്ട് മാപ്പിങ്ങിലൂടെ നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പ്രോജക്ട് ചെലവ് തുക ക്രഡിറ്റ് ചെയ്യുകയാണ് ചെയ്തിരിക്കുന്നത്.

**4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

2022-23 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തികൾ നടത്തുന്നതിന് KSEB, ഭൂജല വകുപ്പ്, National Health Mission(NHM) എന്നീ ഏജൻസികളിൽ സെക്രട്ടറിയുടെ പ്രോജക്റ്റുകൾ പ്രകാരം 23.94 ലക്ഷം രൂപ മുൻകൂർ നൽകിയിട്ടുണ്ട്. തുകയുടെ വിശദാംശങ്ങളും വിനിയോഗ വിവരവും താഴെ കൊടുക്കുന്നു.

| നിർവ്വഹണ | പ്രവൃത്തിയുടെ പേര് | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|

| ഏജൻസി | (പ്രോജക്ട് നം.) | നൽകിയത് | തുക | ബാക്കി |
|---|---|---|---|---|
| KSEB Ltd. | മൂന്നാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (126/23) | 50,000/- | ഇല്ല | 50,000/- |
| | ഒന്നാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (125/23) | 70,000/- | ഇല്ല | 70,000/- |
| | ഏഴാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (127/23) | 84,960/- | ഇല്ല | 84,960/- |
| | ആകെ KSEB-യിൽ | 204,960/- | - | 204,960/- |
| ഭൂജല വകുപ്പ്(GWD) | ആറാം വാർഡിൽ കുഴൽകിണർ നിർമ്മാണവും ഹാൻഡ് പമ്പ് സ്ഥാപിക്കലും (12/23) | 134,000/- | ഇല്ല | 134,000/- |
| | വെള്ളാവൂർ ഗ്രാമപഞ്ചായത്ത് 1,2,3,4, 13,10 എന്നീ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം (243/23) | 540,000/- | ഇല്ല | 540,000/- |
| | ആകെ GWD-യിൽ | 674,000/- | - | 674,000/- |
| National Health Mission(NHM) | വെള്ളാവൂർ പ്രാഥമികാരോഗ്യകേന്ദ്രം കുടുംബക്ഷേമകേന്ദ്രമാക്കി മാറ്റൽ NHM-ന് തുക നൽകൽ (123/23) | 1,515,120/- | 1,515,120/- | ഇല്ല |
| **ഒട്ടാകെ** | | **2,394,080/-** | **1,515,120/-** | **878,960/-** |

NHM-ൽ പ്രോജക്ട് നം.123/23 പ്രകാരം നിക്ഷേപിച്ച 1,515,120/- രൂപ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. വെള്ളാവൂർ പ്രാഥമികാരോഗ്യകേന്ദ്രം നിർമ്മാണം പൂർത്തിയാക്കിയതിന്റെ 2020-21(117,561/-), 2021-22(917,319/-), 2022-23(1,515,120/-) വർഷങ്ങളിൽ ആകെ നിക്ഷേപിച്ച 25.5 ലക്ഷം രൂപയുടെ വിനിയോഗ സാക്ഷ്യപത്രമാണ് 25/11/2023-ൽ NHM കോട്ടയം ജില്ലാ പ്രോഗ്രാം ഓഫീസറിൽ നിന്നും ലഭ്യമായത്. അക്കൗണ്ടിങ്ങ് അപാകത നിലനിൽക്കുന്നതിനാൽ 25.5 ലക്ഷം രൂപയുടെ നിക്ഷേപ തുക Advance To NHM ശീർഷകത്തിൽ 31/03/2023 ലെ ബാലൻസ് ഷീറ്റിൽ

പ്രതിഫലിക്കുന്നില്ല. NHM-ലെ 25.5 ലക്ഷം രൂപ നിക്ഷേപ ശീർഷകത്തിൽ ക്രമീകരിച്ച ശേഷം വെള്ളാവൂർ പ്രാഥമികാരോഗ്യകേന്ദ്രം കെട്ടിടം വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ "Transferred Institution Building Asset" ശീർഷകത്തിൽ ആസ്തിയായി ക്രമീകരിക്കേണ്ടതാണ്. നിക്ഷേപ പ്രവൃത്തി അക്കൗണ്ടിങ്ങ് അപാകത പരിഹരിച്ച് ആസ്തി അക്കൗണ്ട് ചെയ്തതിന്റെ വിവരം മറുപടിയിൽ അറിയിക്കേണ്ടതാണ്.

GWD യിൽ മുൻവർഷങ്ങളിലെ നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയിൽ ചെലവഴിക്കാതെ തിരികെ ലഭ്യമായ 19,723/- രൂപ 31/03/2023 ലെ 1220000196/G051004 നം. രസീത് പ്രകാരം വരവ് ചേർത്തത് ഏത് പ്രോജക്ടിന് നൽകിയ തുകയാണ് എന്ന് വ്യക്തമല്ല. മുൻഷുർ തിരിച്ചടവിന്റെ വിശദാംശം GWD-യിൽ നിന്ന് ലഭ്യമാക്കി Advance Register മുന്നിരിപ്പിൽ ടി തുക കൃത്യമായി പ്രോജക്ടിൽ ക്രമീകരിച്ചതായി പോസ്റ്റ് ചെയ്യേണ്ടതും പ്രോജക്ടിൽ സർക്കാർ ഫണ്ട്/ഗ്രാന്റ് ചെലവഴിച്ചതെങ്കിൽ Prior Period ഇനത്തിൽ Payable ആയി ക്രമീകരിച്ച് സർക്കാരിലേക്ക് നിശ്ചിത ശീർഷകത്തിൽ ഒടുക്കേണ്ടതുമാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2022-23 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2022-23 പഞ്ചായത്ത് 4 ലക്ഷം രൂപ KURDFC യിൽ നിന്ന് വായ്പയെടുത്തിട്ടുണ്ട്. വായ്പ മുന്നിരിപ്പ്, വായ്പ തിരിച്ചടവിനായി വികസന ഫണ്ട് സ്രോതസ്സിൽ കുറവ് ചെയ്തത് എന്നിവയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | 01/04/2022- തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | 2022-23 വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | 31/03/2023 തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജിഒ(എം.എസ്) 68/2018/ തസ്വഭവ/ 18.5.2018 | 1,727,236/- | 400,000/- | 966,177/- | - | 1,161,059/- |

വികസന ഫണ്ട് (General), വികസന ഫണ്ട് (SCSP), വികസന ഫണ്ട് (SCSP) എന്നീ ഫണ്ടുകളുടെ 2022-23 വർഷത്തെ അലോട്ട്മെന്റിൽ യഥാക്രമം 578,063/- രൂപ, 388,114/- രൂപ എന്നിങ്ങനെ ആകെ 966,177/- രൂപ സ്രോതസ്സിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ധനകാര്യ പത്രിക, സ്ഥിരനിക്ഷേപ രജിസ്റ്റർ എന്നിവ പ്രകാരം സ്ഥിരനിക്ഷേപ(Fixed Deposits) കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | 1,500,000/- |
| തൻവർഷം ലഭിച്ച തുക(പലിശ) | ഇല്ല |
| ആകെ | 1,500,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31/03/2023-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,500,000/- |

ലഭ്യമാക്കിയ FD രസീതുകൾ പ്രകാരം കേരള ഗ്രാമീൺ ബാങ്കിന്റെ മണിമല ശാഖയിൽ രണ്ട് സ്ഥിരനിക്ഷേപങ്ങളാണുള്ളത്. 2022-23 വർഷം 21/11/2022 തീയതിയിലാണ് സ്ഥിരനിക്ഷേപങ്ങൾ

ആരംഭിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നമ്പർ | പലിശ നിരക്ക് | 01/04/2022 മുന്നിരിപ്പ് | ആകെ നിക്ഷേപം | 2022-23 പിൻവലിച്ചത് | 31/03/2023 നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1. | 40580142200152 | 5.7% | ഇല്ല | 500,000/- | ഇല്ല | 500,000/- |
| 2. | 40580142200151 | 6.75 % | ഇല്ല | 1,000,000/- | ഇല്ല | 1,000,000/- |
| **ആകെ നിക്ഷേപം** | | | - | **1,500,000/-** | - | **1,500,000/-** |

ക്രമ നം.1 നിക്ഷേപം 6 മാസത്തേക്ക് 21/05/2023 വരെ കാലാവധിയിലും ക്രമ നം.2 നിക്ഷേപം ഒരു വർഷത്തേക്ക് 26/11/2023 വരെ കാലാവധിയിലുമാണ് നിക്ഷേപിച്ചിരിക്കുന്നത്.

## 4-7 ഓഡിറ്റ് റിക്കവറി

2022-23 വർഷം ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഓഡിറ്റ് റിക്കവറി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിക്കവറി കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

വെള്ളാവൂർ ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വരെ പുറപ്പെടുവിച്ചിട്ടുള്ള സമാഹൃത റിപ്പോർട്ടുകളിൽ(Consolidated Audit Report-CAR) ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 45,46,47 | 2002-03 | | കമ്പ്യൂട്ടർ സെന്റർ പദ്ധതി | നടപടികൾ ഒന്നും ആയിട്ടില്ല |
| 2014-15 | 2-3-1 , 2-3-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-3-1,2-3-2 2-3-3,2-3-4 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം തുകയൊന്നും ഈടാക്കിയിട്ടില്ല. നിലവിൽ സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പടെ (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 34,973,295/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 28,203,052/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 116,318,247/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 134,725,397/- |
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1793960/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

വ്യക്തമായ നഷ്ടം ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 15,000/- | അമൃത ആർ, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 1-27 | 900,000/- | ഷീബാമോൾ കെ. എം., സെക്രട്ടറി |
| 1-29 | 878,960/- | ഷീബാമോൾ കെ. എം., സെക്രട്ടറി |
| **ആകെ** | **1,793,960/-** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക നം. 1-15, 1-16

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 03/12/2023 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.കെ.പി4/352/2001/17-02-2004/03-03-2004 | 3 |
| 1998-99 | എൽ.എഫ്.കെ.പി4/934/2002/31-12-2004/05-01-2005 | 31 |
| 1999-00 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/231(1)/2022 /26-08-2022 | 10 |
| 1999-00,2000-01 2001-02(Plan) | എൽ.എഫ്.കെ.പി4-817/2003/06-04-2004/14-05-2004 | 7 |

| | | |
|---|---|---|
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/231(2)/2022 /26-08-2022 | 2 |
| 2001-02 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/231(3)/2022 /26-08-2022 | 1 |
| 2002-03 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/231(4)/2022 /26-08-2022 | 1 |
| 2003-04 (വരവ്) | എൽ.എഫ്.കെ.പി5/794/2008/23-02-2011(അദാ) | 3 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/231(5)/2022 /26-08-2022 | 1 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/231(11)/2022 /26-08-2022 | 2 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/231(8)/2022 /26-08-2022 | 4 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/231(9)/2022 /26-08-2022 | 2 |
| 2009-10 & 2010-11 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/231(10)/2022 /26-08-2022 | 9 |
| 2011-12 & 2012-13 | കെ.എസ്.എ-കെ.ടി.എം.പി5/1560/2015/31-03-2016 | 23 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/824/2022 /26-08-2022 | 4 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/824/2022 /26-08-2022 | 6 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/824/2022 /26-08-2022 | 14 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/825/2022 /26-08-2022 | 11 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി5-1398(1)/2022/13-09-2022 | 4 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി5-1398(3)/2022/27-10-2022 | 10 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി5-1398/2022/03-01-2023 | 06 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി5-1398(1)/2022/27-10-2022 | 12 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി5-195/2023/03-05-2023 | 25 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 22-07-2023 and submitted on 24-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Vellavoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vellavoor Grama Panchayat for the year 2022-2023

**Date: 22/12/2023**

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Vellavoor Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated.
2. Non Disclosure of Capital Contribution-Captal contribution opening balance details, fundwise capital contriobution of curent year are not available.
3. General Fund Details not maintained. Opening Balance Receipt Payment(OBRP) data of asset and liability as on 01/04/2011 not available. Source Data not available for the value of total general fund as on 31/03/2023.
4. The value of depreciation for the year 2022-23 coming upto 50% of the total asset value.
5. Assets Generated during current year-detailed project wise and fundwise data not provided.

**2.Other Observations**

1. Capital Work in Progress accounting and adjustment details not provided.
2. Professon Tax demand entry figures in AFS has no source document and authority for verification.
3. Government and other dues register not maintained
4. Covid-19 expenses refund recieved accounted as liability instead of income.
5. The adjustment of advance accrual income(Profession Tax and License) received for the year 2022-23 has not posted and certified in corresponding demand registers.
6. Opening balance details of deposit received as per Deposit Register has not maintained properly .
7. Opening balance details (Project, Ward, Details of Project and its progress) of Advances paid as per reference Register has not maintained properly.
8. Prior Period expenditure/Income details are not provided as notes on account by the Secretary.
9. Advance amount of 1,515,120/- deposited in National Health Mission(NHM) has not accounted in Deposit head of account.
10. Advance to MGNREGS not accounted in specific account head.
11. Honararium for the month of March-2023 of Elected Representatives are not accounted in payable head of account during 2022-23.
12. Directly utilised beneficiary contribution of projects in annual plan 2022-23 are not accounted as passive expenditure and because of this omission it has not reflected in I & E Statement.
13. Accrual accounting of contingent expenditures for the year done in a single liability account head even though proper accounting heads are available.
14. Bus Stand auction amount of Rs.10,000/- has not adjusted from deposit liability to auction revenue account.
15. Public Comfort Station Auction Receipts accounted as Obsalate sales receipt.

**Deputy Director**
**Kerala State Audit Department**
**District Audit Office-Kottayam**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്